PROCEEDINGS.

OF

THE TRAVANCORE REPRESENTATIVE BODY

OFFICIAL REPORT.

SECOND MEETING.

Friday the 9th April 1948|27th Meenam 1123.

The Representative Body met in the Legislative Chamber, Trivandrum, at eleven of the clock on Friday, the 9th April 1948/ 27th Meenam 1123, the President (the Hon'ble Mr. A. J. John), in the Chair.

CONSIDERATION OF THE RULES OF PROCEDURE.

MR. PRESIDENT : റൂൾസ് കമ്മിറ്റിയുടെ റിപ്പോർട്ട് ബഹു: മെമ്പർ മി. വി. ഒ. മത്തായ്ക്കോസ് ഈ സഭയിൽ ഫാജരാക്കുന്നതാണ്.

MR. A. P. UDAYABHANU *(Karunagapally II—General)*: സർ, ഒരു കാര്യം അറിഞ്ഞാൽ കൊള്ളാം. ഈ റൂൾസ് ഇവിടെ ഇപ്പോൾ ഫാജരാക്കുന്നതേയുള്ളോ? അതല്ല, വാദപ്രതിവാദങ്ങൾ നടത്തിപാസ്സാക്കുന്നതാണോ?

MR. PRESIDENT: ഈ റൂളുകൾ അവതരിപ്പിച്ചുകൊണ്ട് വാദപ്രതിവാദത്തിനെടുക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. റൂൾസ്സിനു പല ഭേദഗതികളും ബഹു: മെമ്പറന്മാർ അയച്ചിട്ടുണ്ട്. എന്നാൽ ഇനിയും പല ഭേദഗതികൾ അയയ്ക്കാനുണ്ടെന്നും ഞാൻ അറിയുന്നു. നേരത്തെ കിട്ടിയ ഭേദഗതികൾ എല്ലാം അച്ചടിപ്പിച്ചു വിതരണം ചെയ്തിട്ടുണ്ട്. ഇന്നലെയും ഇന്നുമായി കുറെ ഭേദഗതികൾ കൂടി ഫാജരാക്കുന്നതിനുള്ള നോട്ടീസ്സു കിട്ടിയിട്ടുണ്ട്.

റൂൾസ് കമ്മിറ്റി ഈ റൂളുകൾ അവസാനമായി പാസ്സാക്കിയത്തു് ഏപ്രിൽ 2-ാം തീയതിയാണ്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ഇംഗ്ലീഷു പ്രതി ഉടനെ അച്ചടിപ്പിച്ചു 3-ാം തീയതി തന്നെ ബഹു:

LIBRARY ARCHIVES Kerala Legislative Assembly

[Mr. President.]

മെമ്പറന്മാക്ക് അയച്ചുകൊടുത്തു. മലയാളവും തമിഴും പ്രതികൾ ൈ-ാം തീയതി അയച്ചുകൊടുത്തു. റൂംസ്സിന്റെ പ്രതികൾ നേരത്തെ കിട്ടിയിരുന്നതുകൊണ്ടാണ് ഭേദഗതി സംബന്ധിച്ചുള്ള നോട്ടീസ്സു പല മെമ്പറന്മാക്കും യഥാസമയം അയയ്ക്കുവാൻ സാധിച്ചത്. ഇപ്പോൾ അയച്ചിട്ടുള്ള ഭേദഗതികൾക്കും പുറമെ വേറെ പുതിയ ഭേദഗതികൾ അവതരിപ്പിക്കണമെന്ന് ബഹു: മെമ്പറന്മാക്ക് അഭിപ്രായം ഉണ്ടെങ്കിൽ ഓരോ ഭാഗം വായിച്ചു ചർച്ച ചെയ്യുമ്പോൾ ഭേദഗതികൾ ഹാജരാക്കാവുന്നതാണ്. അതല്ല, ഭേദഗതികൾ ഹാജരാക്കുന്നതിന് സമയം വേണമെന്നാണ് ഈ സഭയുടെ അഭിപ്രായമെങ്കിൽ അപ്രകാരവും ചെയ്യാവുന്നതാണ്.

ഈ സന്ദർഭത്തിൽ ഇൻഡ്യൻ കാൺസ്റ്റിട്ടുവെൻറ് അസംബ്ലിയിൽ റൂൾസ് കമ്മിറ്റിയുടെ റിപ്പോർട്ട് ഹാജരാക്കിയപ്പോൾ നടന്ന നടപടിക്രമം ഈ സഭയുടെ ദൃഷ്ടിയിൽപ്പെടുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇൻഡ്യൻ കാൺസ്റ്റിട്ടുവെൻറ് അസംബ്ലിയിൽ റൂൾസ് കമ്മിറ്റിയുടെ റിപ്പോർട്ട് മെമ്പറന്മാക്ക് കൊടുത്തത് ഡിസംബർ ൨൦-ാം തീയതി രാത്രിയിലും ൨൧-ാം തീയതി രാവിലേയുമായിരുന്നു. ൨൧-ാം തീയതിതന്നെ കാൺസ്റ്റിട്ടുവെൻറ് അസംബ്ലി റൂൾസ് ആലോചന ചെയ്തുകൂട്ടുകയും ചെയ്തു. ഭേദഗതികൾ ഹാജരാക്കുന്നതിന് ഒരു ദിവസത്തെ സമയം വേണമെന്ന് ആവശ്യപ്പെട്ട ഏതെങ്കിലും സഭ അവിടെ ഉണ്ടായിരുന്നില്ല. റൂൾസ് ൨൧-ാം തീയതി തന്നെ ആലോചനക്കെടുക്കുകയാണ് ഉണ്ടായത്. അതിനാൽ ഈ റൂൾസ്സിനെപ്പറ്റിയുള്ള ചർച്ചകൾ ഇന്നുതന്നെ നടത്തുന്നതായിരിക്കും സൗകര്യമെന്നെനിക്കു തോന്നുന്നു. ഇതു സംബന്ധിച്ചു സഭയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഇനിയും ഭേദഗതികൾ അവതരിപ്പിക്കുന്നതിനായി സഭ മാറ്റിവയ്ക്കുകയാണെങ്കിൽ സമയം അധികം നഷ്ടപ്പെടും. ഏതായാലും സഭയുടെ അഭിപ്രായപ്രകാരം പ്രവർത്തിക്കാവുന്നതാണ്.

MR. R. V. THOMAS *(Meenachil II—General)* : സർ, ഞാൻ ഇന്നു സിക്രട്ടറിയുടെ അടുക്കൽ ഒരു ഭേദഗതി അയച്ചു. യാതൊരു കാരണവും പറയാതെ അദ്ദേഹം അതു സ്വീകരിക്കാതിരിക്കുകയാണ് ചെയ്തത്. ഇപ്പോൾ പറഞ്ഞ അങ്ങയുടെ അഭിപ്രായമനുസരിച്ച് ആ ഭേദഗതി എനിക്കിവിടെ അവതരിപ്പിക്കാം. മേലാൽ ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള കാര്യങ്ങളും സ്വീകരിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടതു് സിക്രട്ടറിയല്ല, അങ്ങനെതന്നെ വേണമെന്നു വ്യവസ്ഥചെയ്യാൻ കൊള്ളാം.

MR. PRESIDENT : ഇതു സംബന്ധിച്ചു വേണ്ട നിർദ്ദേശങ്ങളും സെക്രട്ടറിക്കു കൊടുത്തിട്ടുണ്ടു്. അയയ്ക്കുന്ന എല്ലാ ഭേദഗതികളും പ്രസിഡൻറിന്റെ അടുക്കൽ എത്തിക്കുവാൻ സെക്രട്ടറിക്കും സ്റ്റാഫിനും നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

MR. A. P. UDAYABHANU : റൂൾസ് നേരത്തെ കിട്ടിയിട്ടുണ്ടെങ്കിലും മെമ്പറന്മാരിൽ പലരും ഇപ്പോഴാണു് ഭേദഗതികൾ അയച്ചിട്ടുള്ളതെന്നു കാണുന്നു. റൂൾസ് സംബന്ധിച്ചുള്ള ചർച്ചകൾക്കു് ഭേദഗതികൾ ഇപ്പോൾ മാത്രം അയച്ചു എന്നുള്ളതുകൊണ്ടു് ഒരു വിഷമതയും വരുന്നില്ല. വകുപ്പുകൾ വകുപ്പുകളായി വായിച്ചുകൊണ്ടുപോകുന്ന ഘട്ടത്തിൽ ഇനിയും ഭേദഗതികൾ വേണമെന്നാവശ്യമുള്ളവർക്കു് ഭേദഗതികൾ കൊണ്ടുവരാവുന്നതാണു്. ആ നിലക്കു് ഭേദഗതികൾക്കായി സമയം മാറ്റിവയ്ക്കേണ്ടതില്ലെന്നും ചർച്ചകൾ ഇപ്പോൾ തന്നെ തുടരാമെന്നുമാണു് എന്റെ അഭിപ്രായം.

MR. JOSEPH MALIACKEL (*Thodupuzha — General*): ചർച്ചകൾ നടക്കുന്ന അവസരത്തിൽതന്നെ ഭേദഗതികൾ അവതരിപ്പിക്കാമെന്നു കാണുന്നതുകൊണ്ടു് ചർച്ചകൾക്കുതന്നെ ഒരു ന്യൂനത സംഭവിക്കുകയില്ലേ എന്നു ഞാൻ ഭയപ്പെടുന്നു. ഏതെങ്കിലും ഒരു വകുപ്പിനെ സംബന്ധിച്ചുള്ള ഒരു ഭേദഗതിയെപ്പറ്റി ചർച്ചനടന്നുകൊണ്ടിരിക്കുമ്പോൾ മറ്റൊരു ഭേദഗതി അവതരിപ്പിക്കപ്പെടുകയാണെങ്കിൽ ചർച്ചകളുടെ വാദമുഖത്തിനുതന്നെ കോട്ടം തട്ടുന്നതാണു്. ചർച്ചാവിഷയത്തിനു് ശരിയായ ഫൈനാലിറ്റി ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടു് ഇന്നു വൈകുന്നേരംവരെയെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നതിനായി സമയം കൊടുക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

MR. K. A. MUHAMMED (*Quilon IV—Muslim Reserved*) : റൂൾസ് ഇവിടെ അവതരിപ്പിക്കുമ്പോൾ മാത്രമാണു് നമ്മുടെ ആലോചനയ്ക്കു വരുന്നതു്. അതുകൊണ്ടു് ആദ്യമായി ഈ റൂൾസ് ഇവിടെ അവതരിപ്പിക്കുകയാണു് വേണ്ടതു്. അതിനുശേഷം വേണ്ടിവന്നാൽ ഭേദഗതികൾ അവതരിപ്പിക്കുന്നതിലേക്കു് രണ്ടോ മൂന്നോ മണിക്കൂർ നേരം അവധി കൊടുക്കുന്നതിനും വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: ഭേദഗതികൾ സ്വീകരിക്കുന്നതിലേക്ക് സമയ ക്ലിപ്തം ചെയ്യുന്നതിന് വിരോധമുണ്ടായിട്ടല്ല ചർച്ചകൾ ഇപ്പോൾ തന്നെ തുടങ്ങണമെന്നു പറഞ്ഞത്; മെമ്പറന്മാരുടെ സൌകര്യത്തെ കൂടി ഉദ്ദേശിച്ചുമാണ്. ഈ വിഷയത്തെ പരാമർശിച്ച് ഇൻഡ്യൻ കാൺസ്റ്റിട്ടൂവെൻറ് അസംബ്ലി റിപ്പോർട്ടിൽ കാണുന്ന ഭാഗം ഞാൻ ഇവിടെ വായിക്കാം.

With regard to the proposal to adjourn the consideration of the Rules, the Chairman said on 21st December 1946;

> "Personally, I have no objection. Then, we shall have tomorrow only for dealing with the Rules. The day after tomorrow we have to elect some Committees which are provided for in the Rules- If the House thinks that it will be able to go through the Rules and pass them tomorrow and the day after, I have personally no objection. But I do not know if any one will be able so give an undertaking on behalf of the House that we shall be able to complete the work".

Mr. Chairman: May I take it is the wish of the House that we will go on with the consideration of the rules?

Many Hon'ble Members: Yes.

Mr. Chairman: Those who are opposed ? None.
Mr. Chairman: We shall take up the rules.

ഇങ്ങനെ വാമൊഴിവാദങ്ങളും നടന്നതിനുശേഷം റൂളുകളെ സംബന്ധിച്ചുള്ള ചർച്ച അന്നുതന്നെ നടത്തണമെന്നാണ് ഇൻഡ്യൻ അസംബ്ലി തീരുമാനിച്ചത്. ഇവിടെ ചർച്ചകൾ തുടരുന്നതിന് ഇന്നു വൈകിട്ടു വരെ സമയം വേണമെന്നഭിപ്രായമുണ്ടെങ്കിൽ അങ്ങനെ ചെയ്യാം. അതല്ല ഇപ്പോൾതന്നെ തുടങ്ങണമെന്നാണെങ്കിൽ അങ്ങനെയും ചെയ്യാം.

MR. K. A. MUHAMMED: ഇൻഡ്യൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ലിയിൽ റൂളുകളെ പറ്റിയുള്ള ചർച്ചകൾ അന്ന് തുടങ്ങി എങ്കിലും അതു സംബന്ധിച്ചുള്ള ഭേദഗതികൾ ഇന്ന സമയം വരെ സ്വീകരിക്കുകയുള്ളു എന്ന വ്യവസ്ഥയുണ്ടായിരുന്നു. അത്തരം ഒരു വ്യവസ്ഥ ഇവിടെയും ഉണ്ടായിരുന്നാൽ കൊള്ളാം.

MR. R. V. THOMAS: ഇന്ന റൂളുകൾ അവതരിപ്പിക്കുകയും എന്നാൽ അതു സംബന്ധിച്ചുള്ള ചർച്ചകൾ നാളത്തേക്കു മാറ്റിവയ്ക്കുകയുമാണ് കുറേക്കൂടി നല്ലതെന്ന് എനിക്കഭിപ്രായമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI *(Pathanamthitta II—General)*: റൂളുകൾ ഇംഗ്ലീഷിൽ അച്ചടിച്ചിട്ടുള്ളതു് മെമ്പറന്മാർക്കു് നേരത്തെ അയച്ചിട്ടുണ്ടെന്നു് അധ്യക്ഷനവർകൾ പറയുകയുണ്ടായി. ഭേദഗതി മാനം മുന്നു വന്നപ്പോൾ പണ്ടത്തെ നടപടികളിൽ മലയാളത്തിനു് കൊടുക്കാറുണ്ടായിരുന്ന സ്ഥാനംപോലും ഇപ്പോൾ കൊടുത്തുകാണുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഒരു മലയാളി എന്നോ ഒരു കേരളീയനെന്നോ, അല്ലെങ്കിൽ, ഒരു തിരുവിതാംകൂറുകാരനെന്നോ അഭിമാനിക്കുന്ന ആളുകൾ ആരെങ്കിലും ഈ നടപടികൾ കണ്ടാൽ അവക്കു് അക്ഷേപകരമായി തോന്നുമെന്നും ഇംഗ്ലീഷു പഠിച്ചിട്ടില്ലാത്ത എന്നെപ്പോലെയുള്ളവരുടെ അഭിമാനത്തെ വ്രണപ്പെടുത്തുന്നതായി ഇതിനെ പരിഗണിക്കേണ്ടതാണെന്നും കൂടി വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. റൂളുകൾ ഇംഗ്ലീഷിൽ എഴുതികൊണ്ടു വന്നിരിക്കുന്ന നിലക്കു വകുപ്പു വകുപ്പായി വായിക്കുന്നതും ഇംഗ്ലീഷിലായിരിക്കുമെന്നു തോന്നുന്നു അതു മലയാളത്തിൽ വായിച്ചെങ്കിൽ മാത്രമേ അതു സംബന്ധിച്ചുള്ള ഭേദഗതികൾ കൊണ്ടുവരുവാനും ഇവിടെ നടക്കുന്ന വാദപ്രതിവാദങ്ങൾ മനസ്സിലാക്കുവാനും എല്ലാവക്കും സാധിക്കയുള്ളൂ. പ്രസിഡൻറ് അവർകൾ അങ്ങനെ ആജ്ഞ നൽകണമെന്നു് അപേക്ഷിക്കുന്നു. ഒടുവിലത്തെ പന്തിയിലാണെങ്കിലും റൂളുകളുടെ മലയാളം തർജ്ജിമ മിനിഞ്ഞാന്നു എനിക്കു കിട്ടി. ഉള്ള സമയം കൊണ്ടു് ഒരുമാതിരി വായിച്ചു കാര്യങ്ങൾ മനസ്സിലാക്കി ഇങ്ങു വന്നിരിക്കുകയാണു്. ചില ഭേദഗതികൾ ഞാൻ അയച്ചിട്ടുണ്ടു്. അതു സ്വീകരിക്കുന്നതിനു വിഷമം ഇല്ലെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഇംഗ്ലീഷുകാർ നേരത്തെതന്നെ റൂളുകൾ വായിച്ചിരിക്കും. നിർഭാഗ്യവാന്മാരായ മലയാളക്കാരും അവക്കു കിട്ടിച്ചിട്ടുള്ള നേരം പോലെ റൂളുകൾ ഒട്ടൊക്കെ വായിച്ചുകാണും. ഇനി വാദപ്രതിവാദം രണ്ടു നാലു മണിക്കൂർ കഴിഞ്ഞു തുടങ്ങിയാൽ മതി എന്നു നിശ്ചയിച്ചാൽ അതു വെറുതെ താമസത്തിനു ഇടയാക്കുമെന്നു തോന്നുന്നു. മലയാളക്കാരായ എന്നെപ്പോലെയുള്ളവർ കൂടുതൽ ബുദ്ധിമുട്ടുണ്ടാവുമെങ്കിലും ഉടനെ തന്നെ വാദപ്രതിവാദം തുടങ്ങുകയാണു് വേണ്ടതു്. നമ്മുടെ അസംബ്ലി ശരിക്കു നടത്തികൊണ്ടുപോകണമെങ്കിൽ ഈ റൂളുകൾ എത്രയും വേഗത്തിൽ പാസ്സാക്കി എടുക്കേണ്ടതായുണ്ടു്. രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും ജനപ്രതിനിധികൾ ഇവിടെ വന്നിട്ടു വെറുതെ സമയം കളയുന്നു എന്നു പറയിപ്പിക്കുന്നതു് നമുക്കും ഒരു പോരായ്മയാണു്. എത്ര കാര്യങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai.]

നേരയും പ്രാരംഭഘട്ടത്തിൽ ചില ബുദ്ധിമുട്ടുകളൊക്കെ വരാവുന്നതാണ്. അതു ഒട്ടൊക്കെ സഹിച്ചും ക്ഷമിച്ചും മുന്നോട്ടു പോകണം. അതുകൊണ്ടു ഇന്നു തന്നെ ഇതു സംബന്ധിച്ചുള്ള നടപടികൾ തുടരണമെന്നതന്നെയാണു എന്റെ അഭിപ്രായം.

MR. G. RAMACHANDRAN (*Neyyattinkara III—General*): Sir, the only question now seems to be whether we should not immediately proceed with the discussion of the Rules of Procedure. I feel strongly that we should not postpone discussion after you, Sir, have ruled that any Hon'ble Member can bring in any amendment in the course of the discussion. In the circumstances now prevailing that is the course left open and especially after the President's ruling the question whether we should or should not proceed with the discussion seems strange. In order to save time and without any further discussion, I think the opinion of the House might be ascertained by vote and business carried on accordingly.

MR. P. BALAKRISHNAN TAMPI (*Mavelikara III—General*): Sir I can understand the Hon'ble Member's enthusiasm to talk in Malayalam which is the regional language. But I am very proud to talk, in an international language which could be understood by a larger section of the Hon'ble Members of this House than exclusively Malayalam enthusiasts. From the convenience aspect too I may suggest however that discussion may be postponed so that amendments may be sent in as we must get time to think about them. A casual or desultory argument in the course of the reading of the amendment will not be doing full justice to the very important matter in hand. Therefore I propose that the House may be adjourned till to-morrow so as to give ample time for the Hon'ble Members to send in their considered amendments.

MR. MANNATHU PADMANABHA PILLAI: മലയാളത്തിൽ അതിന്റെ സംഗ്രഹം കൂടി പറഞ്ഞാൽ കൊള്ളാം.

MR. PRESIDENT: മി. തമ്പി പറഞ്ഞതു ഭേദഗതികൾ അവതരിപ്പിക്കുന്നതിനു ഇന്നു സമയം കൊടുക്കണമെന്നും അതു സംബന്ധിച്ചുള്ള ചർച്ചകൾ നാളെ നടത്താമെന്നുമാണ്.

MR. R. SANKAR (*Quilon IV—General*): ഭേദഗതികൾ അവതരിപ്പിക്കണമെന്നു യഥാർത്ഥത്തിൽ വിചാരമുണ്ടായിരുന്നവർക്കെല്ലാം ഇന്നെങ്കിലും ഭേദഗതികൾ അയക്കത്തക്കവണ്ണം നേരത്തെ രൂപകളുടെ മലയാളവും ഇംഗ്ലീഷും പ്രതികൾ മെമ്പറന്മാർക്കു വിതരണം ചെയ്തിട്ടുണ്ട്. വളരെ പുതുക്കം

LIBRARY ARCHIVES Kerala Legislative Assembly

പേക്ഷ ഭേദഗതികൾ അംഗീകരിക്കുന്നതിനു വേണ്ടത്ര സമയം കിട്ടിയിട്ടില്ല എന്നു പറയുന്നതു് ശരിയായിരിക്കാമെങ്കിലും ഇന്നു് ആലോചനകൾ നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ ഭേദഗതികൾ അവതരിപ്പിക്കാമെന്ന നിലയ്ക്കു് ഇനിയും സമയം നീട്ടിക്കൊണ്ടുപോകുന്നതു് നന്നായിരിക്കുകയില്ല. ഇന്നത്തേയും നാളത്തേയും കൊണ്ടുമാത്രമേ മിക്കവാറും ഈ റൂളുകളെപ്പറ്റിയുള്ള ചർച്ചകൾ അവസാനിപ്പിക്കുവാൻ ഒക്കുകയുള്ളൂ. ഇന്നു വൈകിട്ടുവരെയൊ അല്ലെങ്കിൽ നാളെ വരെയൊ സഭാനടപടികൾ നീട്ടിവയ്ക്കാതെ വാദപ്രതിവാദവേളയിൽതന്നെ ഭേദഗതികൾ അവതരിപ്പിക്കുവാൻ അനുവാദം കൊടുക്കുന്നപക്ഷം ഭേദഗതികൾ ഹാജരാക്കുന്നതിനു് എല്ലാവർക്കും സൗകര്യം ലഭിക്കുന്നതാണു്. അതിനാൽ ഉടൻതന്നെ വാദപ്രതിവാദത്തിലേക്കു പ്രവേശിക്കണമെന്നു് അപേക്ഷിക്കുന്നു.

MR. T. K. NARAYANA PILLAI (*Parur II—General*) : മി. ശങ്കർ പറഞ്ഞ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. ഭേദഗതികൾ അവതരിപ്പിക്കുന്നതിനു് വേണ്ട സമയം ഉണ്ടായിരുന്നില്ല എന്ന വാദം സമ്മതിച്ചാൽതന്നെയും വാദപ്രതിവാദത്തിനിടയിൽ ഭേദഗതികൾ ഹാജരാക്കുവാനുള്ള അവകാശം മെമ്പറന്മാർക്കുണ്ടായിരിക്കും എന്ന ഇപ്പോൾ പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്കു് ഭേദഗതികൾ അംഗീകരിക്കുന്നതിനായി കൂടുതൽ സമയം വേണമെന്നുള്ള വാദം അടിസ്ഥാനരഹിതവും അനാവശ്യവുമാണെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു കഴിയുന്നതും സമയം കളയാതെ റൂളുകൾ പരിശോധനയ്ക്കെടുക്കണമെന്നുപേക്ഷിക്കുന്നു.

MR. K. S. JOSEPH (*Thiruvalla VI—General*) : ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിൽ നടന്നതുപോലെ നാലോ അഞ്ചോ വകുപ്പുകൾ നാം വായിച്ചു പാസാക്കുന്നതിനിടക്കു ഭേദഗതികൾ അംഗീകരിക്കണമെന്നുള്ളവർക്കു അതു ചെയ്യുവാനുള്ള സമയം ലഭിക്കുന്നതാണു്. പാസാക്കിക്കഴിഞ്ഞ നിയമങ്ങൾക്കുപോലും ഒരു ക്ലിപ്തസമയത്തിനകം ഭേദഗതികൾ വരുന്നപക്ഷം ആ ഭേദഗതിയെപ്പറ്റി ആലോചന തുടരാവുന്നതാണെന്നൊരു വ്യവസ്ഥകൂടി ഉണ്ടായിരിക്കുന്നതു് നന്നായിരിക്കും. അങ്ങനെയുള്ള ഒരു വ്യവസ്ഥയോടുകൂടി റൂളുകളെ സംബന്ധിച്ചുള്ള ഒരു പരിശോധന ഇപ്പോൾതന്നെ തുടങ്ങണമെന്നാണു് എന്റെ അഭിപ്രായം.

MR. A. NESAMONY : (*Vilavancode S. I. U. C. Reserved*) தலைவர் அவர்களே! நடைமுறை விதிகளின் நகல்கள் எல்லோரிடமும் கிடைத்ததென்றும், ஆனால் அதைப்படித்துத் திருத்தப் பிரேரணைகளை அனுப்ப அவ்வளவு சாவகாசம் கிடைக்கவில்லையென்றும் எல்லோரும் ஒப்புக் கொள்கிறார்கள். இன்று மூன்று மணிக்குமுன் படித்துக்

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Nesamony.]

கொண்டுவருகிறதென்று நினைப்பார்களானால், சமயத்தை அதிகமாக வீணாக்காமல், நகலெப்பார்லை யிட்டு, யாருக்காவது கூடுதல் பிரேரணைகள் சமர்ப்பிக்கவேண்டுமென்று நினைத்தால் அப்படிச் செய்வது நல்லது. ஆகையால் தலைவர் சொல்வதுபோல் சமயத்தை வீணாக்காமல் இந்த நகல் சட்டத்தை இப்போதே இச்சபையின் ஆலோசனைக்கு எடுத்துக் கொள்வது நல்லது என்று சொல்லிக் கொள்கிறேன்.

MR. CHERIYAN J. KAPPAN (*Meenachil* III—*General*) : ഇനിയും ഭേദഗതികൾ അയക്കാൻ അനുവദിച്ചിരിക്കുന്ന സ്ഥിതിക്ക് സമയം കൊടുക്കേണ്ട ആവശ്യമില്ലെന്ന ചില മെംബറന്മാർ പറയുകയുണ്ടായി. ഈ ചട്ടങ്ങൾ വളരെ പ്രാധാന്യമുള്ളവയാണ്. അവയെപ്പറ്റി ശരിക്ക പഠിച്ചു ചർച്ച ചെയ്യുവാനുള്ളതുകൊണ്ട് സമയം കിട്ടണം. അതിനാൽ സഭാനടപടികൾ ഇന്നത്തേക്ക് നിറുത്തിവയ്ക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

MR. P. KUNJUKRISHNAN (*Quilon II—General*) : ഭേദഗതികൾക്കു വേണ്ടി സമയം നീട്ടിവയ്ക്കാതെ ഇപ്പോൾ തന്നെ സഭാനടപടികൾ തുടങ്ങണമെന്നാണ് എന്റെ അഭിപ്രായം. ഇൻഡ്യൻ കോണസംബ്ലി ചട്ടങ്ങൾ നോക്കി അതനുസരിച്ചാണല്ലോ ഇവിടെയും ചട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. ആ നിലക്ക് അവിടെ സ്വീകരിച്ച നടപടികൾ ഇവിടെ സ്വീകരിക്കുന്നതിൽ തെറ്റില്ല. ഭേദഗതികൾ അയക്കുന്നതിന് മതിയായ സമയം കൊടുത്തിട്ടുണ്ട്. വേണമെങ്കിൽ ഇനിയും, വാദപ്രതിവാദവേളയിലും, ഭേദഗതികൾ അയക്കാം. അതുകൊണ്ട് വെറുതെ സമയം നീട്ടിക്കളയാതെ നടപടികൾ ഉടൻതന്നെ തുടങ്ങണമെന്നാണ് എന്റെ അഭിപ്രായം.

MR. PRESIDENT : ഇതിനെപ്പറ്റി ധാരാളം അഭിപ്രായങ്ങൾ വന്നിട്ടുള്ള സ്ഥിതിക്ക് ഒരു വോട്ടെടുപ്പ് നടത്തി തീരുമാനിക്കണമെന്നാണ് എന്റെ അഭിപ്രായം.

(വോട്ടിനിട്ടതിൽ ഭൂരിപക്ഷം മെമ്പറന്മാർ ചർച്ചകൾ ഉടനെ തുടങ്ങണമെന്നഭിപ്രായപ്പെട്ടതിനോട് യോജിച്ചു.)

MR. PRESIDENT : ഭൂരിപക്ഷാഭിപ്രായപ്രകാരം ഇപ്പോൾതന്നെ ചട്ടങ്ങൾ സംബന്ധിച്ചുള്ള ചർച്ചകൾ ആരംഭിക്കണമെന്നു തീരുമാനിക്കുന്നു.

Mr. Markos will now present the Rules before the House.

LIBRARY ARCHIVES Kerala Legislative Assembly

MR. V. O. MARKOS (*Kottayam* III—*General*) : ബഹുമാനപ്പെട്ട ഈ സഭയുടെ നടപടികൾ നിയന്ത്രിക്കുന്നതിനുവേണ്ട ചട്ടങ്ങൾ നമ്മൾ രൂപത്തിൽ ഉണ്ടാക്കി ഈ സഭയിൽ സമർപ്പിക്കുന്നതിനായി സഭയുടെ പ്രാരംഭയോഗത്തിൽ നിയമിച്ച കമ്മറിക്കാർ ആലോചിച്ചു തയാറാക്കിയിട്ടുള്ള നക്കൽചട്ടങ്ങളും അതു സംബന്ധിച്ചുള്ള റിപ്പോർട്ടും ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ ഹാജരാക്കുന്നതിനാണ് ഞാൻ ഇവിടെ നിൽക്കുന്നത്. ഈ റിപ്പോർട്ടിന്റെയും ചട്ടങ്ങളുടേയും പകർപ്പുകൾ ഇംഗ്ലീഷിലും, മലയാളത്തിലും, തമിഴിലും അച്ചടിപ്പിച്ചിട്ടുണ്ട് ബഹുമാനപ്പെട്ട സമാംഗങ്ങളുടെ മുമ്പിൽ ഇപ്പോൾ ഉണ്ട്. അവയെപ്പറ്റി സ്ഥൂലമായോ വിശദമായോ സൂക്ഷ്മമായോ ചർച്ചകൾ തുടങ്ങുന്നതിനു മുമ്പായി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില പ്രധാന വിവരങ്ങൾ സമാംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിലെ നടപടി ചട്ടങ്ങളുടെ മാതൃകയിലാണ് ഈ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതെന്ന് ആദ്യമായി പറഞ്ഞുകൊള്ളട്ടെ. അതോടുകൂടിതന്നെ ഇവിടത്തെ ആവശ്യങ്ങൾക്കും പ്രത്യേക പരിതഃസ്ഥിതികൾക്കും യോജിക്കത്തക്കവിധത്തിലുള്ള ഭേദഗതികളും നമ്മുടെ ചട്ടങ്ങളിൽ വരുത്തീട്ടുണ്ട് എന്നും പറയേണ്ടിയിരിക്കുന്നു. നക്കൽചട്ടങ്ങൾ ഉണ്ടാക്കുന്നതിനു നിയോഗിക്കപ്പെട്ട കമ്മറി അവഗാഢമായി ആലോചിച്ചും നാലുദിവസത്തെ ചർച്ചകൾക്കുശേഷവുമാണ് നക്കൽ ചട്ടങ്ങൾ ഇപ്പോൾ അവതരിപ്പിക്കുന്ന രൂപത്തിൽ അംഗീകരിച്ചിട്ടുള്ളത്. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി ചട്ടങ്ങളിൽ രണ്ടാംഅദ്ധ്യായത്തിലെ വ്യവസ്ഥകൾ നമ്മുടെ ചട്ടങ്ങളിൽ ഉൾപെക്കിച്ചിരിക്കയാണ്. അതുപോലെ പത്താം അദ്ധ്യായത്തിലെ വ്യവസ്ഥകളും മിക്കവാറും ഉൾപെക്കിച്ചിരിക്കയാണ്.

MR. P. T. CHACKO (*Kottayam* II—*General*) : I would like to know from the Hon. member whether those Rules which he refers to are placed on the table of the House ?

MR. V. O. MARKOS : They are not placed on the table but personally I assume that the members in preparing themselves to discuss these Rules must have read the Indian rules. As far as I understand, that is not one of the papers which should have been placed on the table before the discussion on the Rules of Procedure is taken up.

MR. R. V. THOMAS : Sir, may I at this stage bring to your notice that references. .....

LIBRARY ARCHIVES Kerala Legislative Assembly

MR. V. K. VARGHESE (*Pathanamthitta* III—*General*): അവതാരകൻ ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളി ചട്ടങ്ങളെപ്പറ്റി പറഞ്ഞു വല്ലോ. അതിൽ ഏതെല്ലാം ഭാഗങ്ങളാണ് വിട്ടിട്ടുള്ളതെന്നും ഏതെല്ലാമാണ് ചേർത്തിട്ടുള്ളതെന്നും ചുരുക്കത്തിൽ പറഞ്ഞാൽ കൊള്ളാമെന്ന അപേക്ഷിക്കുന്നു.

MR. PRESIDENT : രണ്ടാം അദ്ധ്യായം മുഴുവൻ ഉപേക്ഷിച്ചിരിക്കുന്നു എന്നാണ് പറഞ്ഞത്.

MR. G. RAMACHANDRAN : Is any member precluded from referring to anything when he refers particularly to matters like this ?

MR. PRESIDENT : He can refer to the Indian Rules.

MR. V. O. MARKOS : അതെപ്പറ്റി ഞാൻ പറയാൻ തുടങ്ങുകയാണ്. അസംബ്ലി മെംബറന്മാരെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകളാണ് ഇൻഡ്യൻ ചട്ടങ്ങളുടെ രണ്ടാമദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്. ഇവിടെ ഫർ ർ നവംബർ ഫ വ-ാന- പ്രസിദ്ധം ചെയ്തിരുന്ന Electoral Rules-ൽ ഈ ചട്ടങ്ങൾ ഉൾപ്പെടുത്തിട്ടുള്ളതുകൊണ്ടാണ് നമ്മുടെ നടപടി ചട്ടങ്ങളിൽ അവ ചേർക്കാതിരുന്നത്. അംഗങ്ങളുടെ സ്ഥാനത്തെയും, അസാധുത്വത്തെയും അവയെപ്പറ്റി തർക്കമുണ്ടായാൽ തീരുമാനം ചെയ്യേണ്ട രീതികളേയുംപറ്റിയാണ് ഇൻഡ്യൻ കാണ്സംബ്ലി ചട്ടങ്ങളിൽ ഫ ഠ-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളത്. ഈ നിബന്ധനകൾ നമ്മുടെ എവക്കേറ്റാറൽ റൂളുകളിൽ ഉൾപ്പെടുന്നതുകൊണ്ട് നമ്മുടെ ചട്ടങ്ങളിൽ അവ വീണ്ടും ഉൾപ്പെടുത്തിട്ടില്ല. എങ്കിലും ഈ റൂളുകളെപ്പറ്റി നമ്മുടെ ചട്ടങ്ങളിൽ ർ വ-ം, ർ ൻ-ം, വകുപ്പുകളിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ർ വ-ാം വകുപ്പ് എലക്ടോറൽ റൂൾസിനെപ്പറ്റിയുള്ള സൂചന മാത്രമാണ്. ർ ൻ-ാം വകുപ്പിൽ സത്യപ്രതിജ്ഞയെസംബന്ധിച്ചും രജിസ്റ്ററിൽ ഒപ്പു വയ്ക്കുന്നതിനെ സംബന്ധിച്ചുമുള്ള നിബന്ധനകളാണ്. പ്രസിഡൻറിന്റെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഫർ ർ വ മാച്ച് ഫ ന-ാന- പ്രസിദ്ധംചെയ്തിട്ടുള്ള നിബന്ധനകൾ മറ്റു സംഗതികളിലും പൊരുത്തപ്പെടുത്തുമോ എന്നു സന്ദേഹമുണ്ടാകാതിരിക്കാനാണ് സത്യപ്രതിജ്ഞ ചെയ്യുന്നതിനും രജിസ്റ്ററിൽ ഒപ്പു വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകൾ ർ ൻ-ാം വകുപ്പിൽ പ്രത്യേകമായി ചേർത്തിരിക്കുന്നത്.

അംഗങ്ങളിൽ ഏതെങ്കിലും അവരുടെ സ്ഥാനം രാജിവയ്ക്കുകയാണെങ്കിൽ അവർ സ്വീകരിക്കേണ്ട നടപടി എന്താണെന്നും രാജി എഴുതിത്തരണമോ സ്വീകരിക്കേണ്ടതെന്നും, അങ്ങനെ സ്വീകരിച്ചുകഴി

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞാൽ ഉണ്ടാകാവുന്ന ഒഴിവുകളെ സംബന്ധിച്ച തെരഞ്ഞെടുപ്പു നടത്തുന്നതിന് പ്രസിഡൻറ് ആവശ്യമുണ്ടെങ്കിൽ നടപടികൾ എന്താണെന്നും ഇ ഠ-ം, ഇ ഢ-ം വകുപ്പുകളിൽ വിവരിക്കുന്നു.

നാലാം ചട്ടങ്ങളുടെ നാലാം അദ്ധ്യായത്തിൽ ഈ ചട്ടങ്ങൾ എപ്പോൾ നടപ്പിൽ വരുമെന്നുള്ളതും, ചട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പ്രധാന പദങ്ങളുടെ നിർവചനങ്ങളും ഉൾപ്പെട്ടുന്നു.

രണ്ടാം അദ്ധ്യായത്തിൽ പ്രസിഡൻറിനെ തെരഞ്ഞെടുക്കുക, പ്രസിഡൻറിൻറെ സ്ഥാനത്തിൽ ഒഴിവുവരിക, ഒഴിവുവരുന്ന സ്ഥാനത്തേയ്ക്കു തെരഞ്ഞെടുപ്പുനടത്തുക, പ്രസിഡൻറിൻറെ അധികാരങ്ങളും മുമ്പായവ കൂടും. എന്തെല്ലാമാണ് എന്നിങ്ങനെയുള്ള കാര്യങ്ങളാണ് ഉൾപ്പെടുന്നത്.

ഈ ഭാഗത്തിൽ ഇൻഡ്യൻ കോൺസംബ്ലിയിലെ റൂൾസിൽ ഇല്ലാത്ത ഒരു പ്രത്യേക നിയമം കൂടുതലായി ഇവിടെ ചേർത്തിട്ടുണ്ട്. അതായത്, മൂന്നാമത്തെ വകുപ്പിൽ രണ്ടാം ഭാഗം ബി ആണ്. അതിൽ പറഞ്ഞിരിക്കുന്നത് ഇംഗ്ലീഷിൽ ഈ വിധത്തിലാണ്. ഇംഗ്ലീഷിൽ വായിച്ചശേഷം മലയാളത്തിൽ വായിക്കാം.

"If the Representative Body passes a motion of no confidence against him by a two-thirds majority of the members present and voting".

അതായത്, പ്രസിഡൻറ്സ്ഥാനം ഒഴിവുവരുന്നതിനുള്ള കാരണങ്ങളെപ്പറ്റി പറയുന്നതിലാണ്. മലയാളത്തിൽ അതു് ഇപ്രകാരമാണ്. "പ്രതിനിധിസമിതി അദ്ദേഹത്തിനെതിരായി ഒരു അവിശ്വാസപ്രമേയം, ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടുഭാഗം ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുകയാണെങ്കിൽ" എന്നാണ്.

MR. SIVARAMA PILLAI *(Thovala—General)* : Sir, இதுவரையில் மி. மார்க்கோஸ் அவர்கள் மலையாளத்தில் பேசினார்கள். எங்களுக்கு யாதொன்றும் மனதிலாகவில்லை. அதனால் வேறு யாராவது ஒருவர் தமிழில் அவர்கள் பேசினவைகளைச் சொல்லவேண்டும். அல்லது மி. மார்க்கோஸ் பேசினதின் சுருக்கம் ஆங்கிலத்திலாவேண்டும்.

MR. PRESIDENT : ഏതു ഭാഷയിൽ സംസാരിക്കണമെന്നുള്ള റൂൾ നാം ഇതുവരെ പാസ്സാക്കിയിട്ടില്ല. അതിനാൽ മെംബറന്മാരെയുകതംപോലെ ഏതു ഭാഷയിൽ വേണമെങ്കിലും സംസാരിക്കാം എന്നാൽ ഭൂരിപക്ഷം അംഗങ്ങൾക്കും മലയാളത്തിൽ സംസാരിക്കണമെന്നാണ് അഗ്രഹം എന്നുതോന്നുന്നു. മി. മാർക്കോസിനു തമിഴിൽ പ്രസം

LIBRARY ARCHIVES Kerala Legislative Assembly

ഗിക്കാൻ സാദ്ധ്യമല്ല. അതിനാൽ മി. മാർക്കോസു തല്ക്കാലം മലയാളത്തിൽതന്നെ പ്രസംഗിക്കുന്നതും, തമിഴിൽ സംസാരിക്കുന്നതിനു തമിഴ് നിശ്ചയമുള്ള അംഗങ്ങൾക്കു സൗകര്യം നൽകുന്നതുമാണ്.

MR. V. O. MARKOS : മൂന്നാംചട്ടത്തിൽ രണ്ടാംഭാഗം ബി വകുപ്പു ഇവിടെ കൂട്ടത്തലായി ചേർത്തിട്ടുണ്ടെന്നാണു് ഞാൻ പറഞ്ഞു അവസാനിപ്പിച്ചതു്.

MR. MANNAR GOPALAN NAIR *(Thiruvalla I-General)* : പ്രസിഡൻറിന്റെ പേരിൽ അവിശ്വാസപ്രമേയം കൊണ്ടുവരുന്നതിനെപ്പറ്റി ഇൻഡ്യൻ കാണസംബ്ളിയിൽ എന്താണു് വ്യവസ്ഥയെന്നു പറയാമോ ?

MR. V. O. MARKOS : ഇൻഡ്യൻകാണസംബ്ളിയിൽ അങ്ങനെ ഒരു വ്യവസ്ഥയില്ല.

മൂന്നാം അദ്ധ്യായത്തിൽ ഡെപ്യൂട്ടിപ്രസിഡൻറിനെപ്പറ്റിയാണു് പറഞ്ഞിട്ടുള്ളതു്. അതായതു്, ഡെപ്യൂട്ടിപ്രസിഡൻറിന്റെ തെരഞ്ഞെടുപ്പു്, ഉദ്യോഗമൊഴിയൽ, ആ സ്ഥാനത്തേക്കു് പകരം നിയമിക്കൽ, തുടങ്ങിയ സംഗതികൾ ഉൾപ്പെടുന്നു. ഇൻഡ്യൻ കാണസംബളിയിൽ അനുരൂപമായ അദ്ധ്യായത്തിൽ ഡെപ്യൂട്ടി പ്രസിഡൻറിനു പകരം രണ്ടു വൈസ് പ്രസിഡൻറന്മാരെ നിയമിക്കണമെന്നാണുള്ളതു്. രണ്ടു വൈസ് പ്രസിഡൻറന്മാരെ നിയമിക്കുന്നതിനു കാണസംബ്ളി ചട്ടങ്ങളിലുള്ള വ്യവസ്ഥകളുടെ മാതൃകയിൽതന്നെയാണു്, നിബന്ധനകൾ ഇവിടെയും ചേർത്തിട്ടുള്ളതു്. ഒരു വ്യത്യാസമുള്ളതു അവിശ്വാസപ്രമേയം പാസ്സാക്കി പ്രസിഡൻറിനെ മാറ്റാവുന്നതുപോലെതന്നെ ഡെപ്യൂട്ടി പ്രസിഡൻറിനെയും മാറ്റാമെന്നുള്ളതാണു്. പ്രസിഡൻറിന്റേയും, ഡെപ്യൂട്ടിപ്രസിഡൻറിന്റെയും തിരഞ്ഞെടുപ്പു സംബന്ധിച്ചുള്ള നിയമങ്ങൾ വ്യവസ്ഥ ചെയ്തിരിക്കുന്നതു് ഇൻഡ്യൻ കാണ്ട്-അസംബ്ളിയിലെപോലെതന്നെയാണു്.

നാലാം അദ്ധ്യായത്തിൽ ജനപ്രതിനിധിസഭയുടെ ആഫീസ്- എന്നു പറഞ്ഞാൽ കെട്ടിടം എന്നല്ല—അതിലെ ഉദ്യോഗസ്ഥന്മാരും മറ്റും ഉൾപ്പെടെയുള്ള സ്ഥാപനം എന്ന അർത്ഥത്തിലാണു് ആഫീസു് എന്ന പദം പ്രയോഗിച്ചിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മെംബറന്മാർ മനസ്സിലാക്കുമല്ലോ. പ്രസിഡൻറു പ്രതിനിധിസഭയുടെ ആഫീസിന്റെ തലവൻ ആയിരിക്കുന്നതാണു്. കാണസംബളി ആഫീസിൽ പ്രസിഡൻറിനെ കൂടാതെ കാൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസർ, മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

സമയവും ജോലിചെയ്യുന്ന ഒരു സെക്രട്ടറി ഇങ്ങനെ രണ്ടു പ്രധാന ഉദ്യോഗസ്ഥന്മാർക്കുടി ഉണ്ടായിരിക്കുന്നതാണ്. അവരുടെ നിയമനവും ആ ആഫീസിലെ മറ്റു ഉദ്യോഗസ്ഥന്മാരുടെ നിയമനങ്ങളും പ്രസിഡന്റിന്റെ അധികാരത്തിൽ ഉൾപ്പെട്ടതാണ്.

അഞ്ചാം അദ്ധ്യായത്തിൽ പ്രതിനിധിസഭയുടെ നടപടി അല്ലെങ്കിൽ ബിസിനസ്സിനെപ്പറ്റിയാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ഈ വ്യവസ്ഥകൾ മിക്കവാറും ഇൻഡ്യൻ കാണ്സംബ്ളി വ്യവസ്ഥകൾ അനുസരിച്ചുള്ളവയാണ്. ഒരു പ്രധാന വ്യത്യാസം നാം ഇതിൽ വരുത്തിയിട്ടുള്ളതു സഭയിൽ ഉപയോഗിക്കേണ്ട ഭാഷയെ സംബന്ധിച്ചുള്ളതാണ്. ഇൻഡ്യൻ കാണസംബ്ളി രൂളിൽ റൂൾ-൩൦ വകുപ്പിൽ ചേർത്തിരിക്കുന്നതു് എന്താണെന്നു വച്ചാൽ. കാണസംബ്ളിയിൽ നടക്കുന്ന ബിസിനസ്സ് "Shall be transacted in Hindustani (Hindi or Urdu) or English" എന്നാണ്. അതായതു നടപടികൾ ഹിന്ദിയിലും ഉറുദുവിലും, ഇംഗ്ലീഷിലും ആവാം എന്നാണ്. ഹിന്ദി, ഉറുദു, ഇംഗ്ലീഷ് ഈ മൂന്നു ഭാഷകൾ കൂടാതെ വേറെ ഒരു ഭാഷയാണു ഒരു മെംബരുടെ മാതൃഭാഷയെങ്കിൽ ആ ഭാഷയിൽ സംസാരിക്കുന്നതിനും പ്രസിഡൻറ് അനുവദിക്കും. അങ്ങനെ പ്രസംഗിക്കുമ്പക്ഷം ആ മെംബരുടെ പ്രസംഗത്തിന്റെ ചുരുക്കം പ്രസിഡൻറിന്റെ യുക്തം എന്നു തോന്നുന്നപക്ഷം ഈ മൂന്നു ഭാഷയിൽ ഏതെങ്കിലും ഭാഷയിൽ പ്രസ്താവിക്കാൻ ഏർപ്പാടുചെയ്യുന്നതിനും പ്രസിഡൻറിന് അധികാരമുണ്ട്. കാണസംബ്ളിയിലെ ഔദ്യോഗിക റിക്കാഡുകൾ സൂക്ഷിക്കുന്നതിനുള്ള ഇൻഡ്യൻ കാണസംബ്ളിവ്യവസ്ഥ, അതു് ഇംഗ്ലീഷിലും, ഹിന്ദിയിലും, ഉറുദുവിലും ആയിരിക്കണമെന്നാണ്. ഇതിനെപ്പറ്റി ഇവിടെ റൂൾ-൩൦ വകുപ്പിൽ വ്യവസ്ഥയുള്ളതു് അതിനനുരൂപമായിട്ടാണ്. വ്യത്യാസമുള്ളതു അവിടെ ഹിന്ദി, ഉറുദു, ഇംഗ്ലീഷ് എന്നുള്ളതിനു പകരം ഇവിടെ മലയാളവും, തമിഴും, ഇംഗ്ലീഷും ആയിരിക്കണമെന്നകാര്യത്തിൽ മാത്രം. അതായതു മെംബറന്മാർ ഈ മൂന്നു ഭാഷകളിൽ ഏതു ഭാഷ ഉപയോഗിക്കുന്നുവോ ആ ഭാഷയിൽതന്നെ റിക്കാഡു സൂക്ഷിക്കുന്നതാണ്.

MR. V. K. VARUGHESE : ഇപ്പോൾ മെംബറന്മാർ ഇംഗ്ലീഷിൽ സംസാരിക്കുന്നു, മലയാളത്തിൽ സംസാരിക്കുന്നു, തമിഴിൽ സംസാരിക്കുന്നു, അതുപോലെ റിക്കാഡുചെയ്യുന്നു. എന്നാൽ 'ഇന്നു യോഗനടപടികൾ അവസാനിച്ചു' എന്നു ഏതുഭാഷയിൽ രേഖപ്പെടുത്തും ?

LIBRARY ARCHIVES Kerala Legislative Assembly

MR. V. O. MARKOSE : അതു ഏതുഭാഷയിൽ നടത്തുവോ, ആ ഭാഷയിൽ രേഖപ്പെടുത്തും.

MR. V. K. VARGHESE: ഞാൻ അതല്ല ചോദിച്ചതു്. ഇന്നു നാലുമണിക്കു് യോഗം അവസാനിച്ചു എന്നിരിക്കട്ടെ. ഈ നടപടി ഏതുഭാഷയിൽ രേഖപ്പെടുത്തും എന്നാണു്.

MR. P. K. KUNJU (*Karunagapally I-Musilims Reserved*) : അതു സംബന്ധിച്ചുള്ള റൂൾസ് എങ്ങനെ പാസാക്കുന്നുവോ അതനുസരിച്ചു രേഖപ്പെടുത്തും.

MR. PRESIDENT : ഇപ്പോൾ ഈ മാതിരിയുള്ള ചോദ്യങ്ങൾ ചോദിക്കാതെ ഇരിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ഇതിനെപ്പറ്റിയുള്ള ചർച്ച നടക്കുമ്പോൾ ചോദിക്കാൻ സൗകര്യമുണ്ടായിരിക്കും.

MR. V. O. MARKOS : ഇൻഡ്യൻ കാണസംബ്ലിയിൽ ഉള്ളതിൽ കൂടുതലായി ഒരു നിബന്ധന നാം ഇവിടെ ചേർത്തിട്ടുണ്ടു്. അതു ഞാൻ വായിക്കാം.

"The Chairman shall make arrangements for giving the Representative Body, whenever he thinks fit, a summary of the speech in a language other than that used by the member and such summary shall be included in the record of the proceedings of the Representative Body."

അതായതു്, നടപടികൾ രേഖപ്പെടുത്തുമ്പോൾ അതു് ഏതുഭാഷയിലായിരുന്നാലും അതിന്റെ ശരിയായ ഒരു പരിഭാഷകൂടി മറു രണ്ടു ഭാഷകളിലും ചേർക്കണമെന്നു് പ്രസിഡൻറിനു് ആഡർചെയ്യാം എന്നുള്ളതാണു്. ഈ വകുപ്പിനെപ്പറ്റി ഇതിൽ കൂടുതലായി ഒന്നുംതന്നെ പറയുവാനില്ല.

ആറാംഅദ്ധ്യായത്തിൽ പ്രതിനിധിസമിതിയുടെ കമ്മറിറികളെ സംബന്ധിച്ചുള്ള വ്യവസ്ഥകളാണു്. അതിൽ നമ്പർ-ാംവകുപ്പനുസരിച്ചു് ഇവിടെ ഒരു അഡൈവസറിക്കമ്മറിയുണ്ടാവും. മന്ത്രികളായ അവകാശങ്ങളെപ്പറ്റിയും ന്യൂനപക്ഷങ്ങളുടെ രക്ഷയ്ക്കുള്ള വ്യവസ്ഥകളെ സംബന്ധിച്ചും വേണ്ട ഉപദേശം റെപ്രസന്റേറ്റീവു ബാഡിക്കു നൽകുന്നതിനാണു് ഈ കമ്മറിറികൊണ്ടു പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതു്.

ഇൻഡ്യൻ കാണസംബ്ലിയിൽ അഡൈവസറിക്കമ്മറിയിൽ എത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും, അവരെ ഏതു വിധത്തിൽ നിയമിക്കണമെന്നും, ഒഴിവു വന്നാൽ എങ്ങനെ നികത്തണമെന്നും ആ ചട്ടത്തിൽ പറഞ്ഞിട്ടില്ല. അതിലേക്കുള്ള വ്യവസ്ഥകൾ, ഏകദേശം ഒരു മാസത്തിനു ശേഷം അഡൈവസറിക്കമ്മറി രൂപീകരിക്കുന്നതിലേക്കു കൺസ്റ്റിറ്റുവൻറ് അസംബ്ലിയിലുണ്ടായ നിശ്ചയത്തിൽ ചേർത്താണു്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഉണ്ടായത്. അതായത് ഫർ ൈ ജനുവരി ൨൪-൦൯-യിലെ ഇൻഡ്യൻ പ്രതിനിധിസഭയുടെ നിശ്ചയപ്രകാരമാണ് ആ വ്യവസ്ഥകം ഉണ്ടായത്. അവിടത്തെ അഡൈ്വസറി കമ്മറിയിൽ ആകെ ൨൫ അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും അതിൽ ജനപ്രതിനിധി സഭയിൽ ഉൾപ്പെടാത്ത ആളുകളേയും ചേർക്കണമെന്നും, സഭയിൽ നിന്നുതന്നെ തെരഞ്ഞെടുക്കുന്ന ൧൩ അംഗങ്ങൾ മാത്രം പ്രാരംഭത്തിൽ ഉണ്ടായിരിക്കണമെന്നും അതിനുംപുറമെ പ്രസിഡൻറിന്റെ ഹിതം അനുസരിച്ച് ഒരേ സമയത്തോ പല സമയങ്ങളിലായോ ൧൨ അംഗങ്ങളെക്കൂടി കോവാപ്റ്റു ചെയ്യാമെന്നും, അഡ്വസറിക്കമ്മറിക്കു പ്രത്യേകം സബ്ജക്കമ്മറികളെ രൂപീകരിക്കാമെന്നും, തെരഞ്ഞെടുക്കപ്പെട്ടതോ, കോവാപ്റ്റു ചെയ്യപ്പെട്ടതോ ആയ അംഗങ്ങളുടെ സ്ഥാനങ്ങൾ ഒഴിവു വന്നാൽ പ്രസിഡൻറിനു തന്നെ ആ സ്ഥാനങ്ങളിലേക്കു വേറെ ആളുകളെ നിയമിക്കാമെന്നും ആണു അവിടത്തെ വ്യവസ്ഥ.

൧൮-൦ ൧൯-൦ വകുപ്പുകളിൽ, ഞാൻ മുൻപു പറഞ്ഞതുപോലെ മൗലികമായ അവകാശങ്ങളെ സംബന്ധിച്ചും, ന്യൂനപക്ഷങ്ങളുടെ രക്ഷാവ്യവസ്ഥകളെ സംബന്ധിച്ചും ഉപദേശം നൽകുന്നതിനുള്ള മുമതലയോടുകൂടിയ ഒരു അഡൈ്വസറി കമ്മിറിയെ നിയമിക്കണമെന്നും അതിൽ എത്ര അംഗങ്ങളുണ്ടായിരിക്കണമെന്നും അവർ എങ്ങിനെ നിയമിക്കപ്പെടണമെന്നുമാണു വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇവിടെ ഈ അഡൈ്വസറി കമ്മറിയിൽ (പ്രസിഡൻറിനെ കൂടാതെ) ൨൧ അംഗങ്ങൾ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതിൽ ൧൭ പേർ സഭയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവരും ബാക്കി ൪ പേർ സഭയിൽ നിന്നോ വെളിയിൽ നിന്നോ പ്രസിഡൻറു നിയമിക്കുന്നവരും ആയിരിക്കുമെന്നാണ് നാം ഇവിടെ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇൻഡ്യൻ കാണസംബ്ളിയിലെ റൂൾസ് അനുസരിച്ചും ഇവിടത്തെ ചട്ടപ്രകാരവും അഡൈ്വസറി കമ്മിറിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ആനുപാതിക പ്രാതിനിധ്യരീതിപ്രമനുസരിച്ചു കൈമാറ്റം ചെയ്യാവുന്ന ഒറവോട്ടു സംപ്രദായംമൂലം പ്രതിനിധിസഭയിൽ നിന്നും തിരഞ്ഞെടുക്കപ്പെടണമെന്നാണ് വ്യവസ്ഥ.

ഇവിടത്തെ അഡൈ്വസറികമ്മറിയിൽ ഒഴിവുണ്ടായാൽ ഏതു വിധത്തിലാണു നികത്തേണ്ടതു് എന്നതിലേക്കുള്ള വ്യവസ്ഥ ൫൩-ാമത്തെ ചട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇൻഡ്യൻകൺസ്റ്റിറ്റ്യുവൻറ് അസംബ്ളിയുടെ അഡൈ്വസറി കമ്മിറിയിൽ ഒഴിവുവന്നാൽ, ആ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിലായാലും പ്രസിഡണ്ടു നിയമിച്ച അംഗ-

LIBRARY ARCHIVES Kerala Legislative Assembly

[Mr, President:]

ങ്ങളിലായാലും, അവിടത്തെ ചട്ടങ്ങളനുസരിച്ച് ആ മണ്ഡലത്തിലുള്ള പ്രസിഡൻറ് ചെയ്യുന്ന നിയമനംമൂലമാണ്. നമ്മുടെ ദേശീയ വക്കീലന്മാരുടെ സമിതിപോലും, ഒഴിവുവരുന്നതായ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിലായാൽ അതു തെരഞ്ഞെടുപ്പുമൂലവും, പ്രസിഡണ്ടു നിയമിച്ച അംഗങ്ങളിലായാൽ അതു പ്രസിഡണ്ടിന്റെ നിയമനം മൂലവും നികത്തണമെന്നാണു വ്യവസ്ഥ.

അഡ്വൈസറി കമ്മിറ്റിയിലേക്കു ഏതാനും അംഗങ്ങളെ, യുക്തമെന്നു തോന്നിയാൽ സഭയ്ക്കുവെളിയിൽ നിന്നുപോലും, പ്രസിഡണ്ടു നോമിനേറ്റു ചെയ്യണമെന്ന വ്യവസ്ഥ ചെയ്തിരിക്കുന്നതു കൂടുതൽ ക്ഷമതയെ മുൻനിറുത്തിയാണെന്നാണു ഞാൻ മനസ്സിലാക്കുന്നത്. ഈ കമ്മിറ്റിയുടെ ഒരു പ്രധാന ചുമതല ന്യൂനപക്ഷസംരക്ഷണ വ്യവസ്ഥകളെപ്പറ്റി ഉപദേശിക്കുക എന്നുള്ളതാണ്. പ്രതിനിധിസഭയിൽ തന്നെ എല്ലാ ന്യൂനപക്ഷങ്ങൾക്കും പ്രാതിനിധ്യം ലഭിച്ചു എന്നു ഞാൻ കരുതുന്നില്ല. ഇൻഡ്യൻ അസംബ്ലിയെ സംബന്ധിച്ചു അതു ശരിതന്നെയാണ്. ഇവിടെയാണെങ്കിൽ പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ പ്രതിനിധിസഭയിലേക്കു തെരഞ്ഞെടുപ്പു നടത്തിയതുകൊണ്ടും, തെരഞ്ഞെടുപ്പിൽ തോല്പിക്കപ്പെടുത്തിയിരുന്ന ചില രാഷ്ട്രീയ കക്ഷികൾ ബുദ്ധിപൂർവം ചെയ്തിരുന്ന ഏർപ്പാടുകൾ മൂലവും, പല ന്യൂനപക്ഷസമുദായങ്ങൾക്കും പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്. പക്ഷെ അതു പൂർണ്ണമായിട്ടുണ്ട് എന്നുപറയാൻ നിവൃത്തിയില്ല. പ്രാതിനിധ്യം ഇല്ലാത്ത പല ന്യൂനപക്ഷതാല്പര്യങ്ങളും ഇനിയും ശേഷിക്കുന്നുണ്ട് എന്നുള്ളതിനു സംശയമില്ല. സാധാരണ ജനായത്ത സിദ്ധാന്തം അനുസരിച്ചു തീരുമാനം ചെയ്യുന്നതിനുള്ള അവകാശം ഭൂരിപക്ഷത്തിനാണെങ്കിലും പ്രാതിനിധ്യത്തിനുള്ള അവകാശം എല്ലാവരുടേതുമാണ്. "Right of decision belongs to the majority, but the right of representation belongs to all." ഈ തത്വമനുസരിച്ചു തീരുമാനം ചെയ്യുന്നതിനു മുമ്പായി കഴിയുന്നിടത്തോളം എല്ലാ ന്യൂനപക്ഷസമുദായങ്ങൾക്കും താല്പര്യങ്ങൾക്കും അവരുടെ കാര്യങ്ങൾ പറയുന്നതിനുള്ള സൗകര്യം കൊടുക്കുന്നതിലേക്കാണു പ്രസിഡണ്ടിനു നോമിനേഷൻ അധികാരം കൊടുത്തു വ്യവസ്ഥ ചെയ്തിരിക്കുന്നത്.

MR. P. S. NATARAJA PILLAI (*Trivandrum V—General*): May I know which minority the member means that is not represented in the Representative Assembly?

MR. V. O MARKOS: There are minority communities, for instance, which have not been represented in this House. If I am permitted, I can mention their names.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: Can those communities be given representation by any method the member would suggest?

MR. V. O. MARKOS: I only explained that in this Representative Body they can advance their claims and the Advisory Committee can consider those claims and make recommendations. It will only be a case of the minority being given an opportunity of ventilating their claims and grievances. The decision will ultimately be made by the Representative Body, which alone is competent to make a decision.

MR. P. S. NATARAJA PILLAI: May I know whether the particular method proposed will meet their grievances?

MR. A. NESAMONY: I rise to a point of order, Sir. The Chair has ruled that no question should be asked at this stage?

MR. G. RAMACHANDRAN: May I ask if we are precluded from asking the speaker any question for the purpose of elucidation?

MR. PRESIDENT: Any member can ask any question for the purpose of elucidation?

MR. G. RAMACHANDRAN: Then I would ask the speaker to elucidate this point. He said that there are communities whose case must be heard. Is it necessary that representation of this kind is necessary in order that the Representative Body might hear their grievances?

MR. V. O. MARKOS: That is what the Committee thought.

MR. G. RAMACHANDRAN: That is clear. My question is whether this particular form of representation alone can ensure that result?

MR. V. O. MARKOS: The Honourable member may bring forward any other method when the matter comes for decision.

അതിനു മറ്റു മാർഗ്ഗങ്ങളും ഉണ്ടായിരിക്കാം. ഇൻഡ്യൻ കാൺ അസംബ്ലിയിൽ അംഗീകരിച്ചിരിക്കുന്ന മാർഗ്ഗം ഇതാണ്. അതു നല്ല തെന്നു തോന്നി സ്വീകരിക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നതു്.

MR. V. K. VARGHESE: ഈ സഭയിലെ കമ്മിറ്റി അവതരിപ്പിച്ച റിപ്പോർട്ടും ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ലി പ്രൊസീഡിയറും തമ്മിൽ... ... ...

MR. PRESIDENT: ഏതെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ ഇപ്പോൾ ചോദിക്കാം; അഭിപ്രായങ്ങൾ എല്ലാം വാദപ്രതിവാദം നടക്കുന്ന അവസരത്തിൽ ആകാം.

MR. V. O. MARKOS: ഇൻഡ്യൻഅസംബ്ലിയിൽ അഡൈ്വസറി കമ്മിറ്റിക്കുപുറമെ സ്റ്റിയറിങ്ങ് കമ്മറ്റി, സ്റ്റാഫ് ആൻഡ് ഫൈനാൻസ കമ്മിറ്റി, ക്രഡൻഷ്യൽസ കമ്മിറ്റി, ഹൌസ് കമ്മിറ്റി എന്നിങ്ങനെ നാലു പ്രത്യേക കമ്മറ്റികൾകൂടെ ഏർപ്പെടുത്തീട്ടുണ്ട്. ഇവിടെയാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. O. Markos.]

ക്കട്ടെ, ഇവയുടെയെല്ലാം ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കു മൊത്തമായിട്ട് സ്റ്റാൻഡിംഗ് കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയാണ് ഏർപ്പെടുത്താൻ വ്യവസ്ഥചെയ്തിരിക്കുന്നത്. ഈ കാര്യത്തെപ്പറ്റി നന്ദ-ം, നമ്പ-ം, വകുപ്പുകളിൽ പറയുന്നു. നമ്പ-ാമത്തെ വകുപ്പിൽ ഈ കമ്മിറ്റിയുടെ ജോലികളെപ്പറ്റി വ്യവസ്ഥചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയിൽ പ-ു അംഗങ്ങൾ ഉണ്ടായിരിക്കും. അതിൽ പ-ു പേരെ മുമ്പുപറഞ്ഞ ആനുപാതികപ്രാതിനിധ്യരീതിപ്രകാരം തിരഞ്ഞെടുക്കുന്നതായിരിക്കും, ര് പേരെ കമ്മിറ്റിതന്നെ കോ-ാപ്പ്റ്റു ചെയ്യുന്നതിനുമാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ഈ അധികാരം പ്രസിഡൻറിനല്ലാ ഈ കമ്മിറ്റിക്കുതന്നെയാണെന്നുള്ള കാര്യം ബഹുമാനപ്പെട്ടമെമ്പറന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ഇതിനുംപുറമേ, അപ്പോഴപ്പോഴുള്ള ആവശ്യമനുസരിച്ച്, സഭയിലുണ്ടാകുന്ന ഒരു നിശ്ചയമനുസരിച്ചു തിരഞ്ഞെടുപ്പുമൂലം, മറ്റു കമ്മിറ്റികളേയും നിയമിക്കുന്നതിനും ര-ാം വകുപ്പിൽ വ്യവസ്ഥയുണ്ട്. പ്രസിഡൻറും സെക്രട്ടറിയും, എല്ലാ കമ്മിറ്റികളുടെയും എക്സ്ഒഫിഷ്യോ പ്രസിഡൻറും, സെക്രട്ടറിയുമായിരിക്കുന്നതാണ്. എന്നാൽ മേൽപറഞ്ഞ പ്രകാരം, പ്രതിനിധിസഭയിലെ ഒരു ഉപക്ഷേപംകൊണ്ട് രൂപീകരിക്കപ്പെടുന്ന മറ്റു കമ്മിറ്റികൾക്ക് അതിലെ ചെയർമാനെ നിയമിക്കാനുള്ള അധികാരവും കൊടുത്തിട്ടുണ്ട്. ഈ കമ്മിറ്റികളുടെ നടത്തിപ്പു സംബന്ധിച്ച് സ്റ്റാൻഡിംഗ് ഓർഡറുകൾ ഉണ്ടാക്കാൻ പ്രസിഡൻറിന് അധികാരമുണ്ടായിരിക്കുന്നതാണ്.

റിപ്രസൻേറ്റീവു് ബാഡിയുടേയും കമ്മിറ്റികളുടേയും യോഗങ്ങളിൽ കോറം തികയുന്നതിന് ആകെയുള്ള അംഗങ്ങളിൽ മൂന്നിൽ ഒരു ഭാഗം ഹാജരുണ്ടായിരിക്കണമെന്ന ക-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏഴാം അദ്ധ്യായത്തിൽ പ്രതിനിധിസഭയുടെ ചെലവിലേക്കുള്ള ബഡ്ജറ്റിനെപ്പറ്റിയാണ് പറയുന്നത്.

എട്ടാമത്തെ അദ്ധ്യായത്തിൽ ശമ്പളങ്ങളും അലവൻസും സംബന്ധിച്ചുള്ള സംഗതികളെപ്പറ്റിയാണ് പറയുന്നത്. റിപ്രസൻേറ്റീവുബാഡിയിലെ അംഗങ്ങളുടെ അലവൻസുകൾ പ്രതിനിധിസമിതിതന്നെ തീരുമാനിക്കേണ്ടതാണ്. നേരിട്ടു നിയമിക്കുന്നവരും, ഗവണ്മെൻറിൽനിന്നോ മറ്റുസ്ഥാപനങ്ങളിൽനിന്നോ കടം വാങ്ങിക്കുന്നവരുമായ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസും സംബന്ധിച്ചു പ്രസിഡൻറിന് തീരുമാനം ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ഒൻപതാമത്തെ അദ്ധ്യായമായ പലവക എന്ന അദ്ധ്യായത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള ഒന്നുരണ്ടു സംഗതികളെപ്പറ്റിക്കൂടി ഇവിടെ പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നു. പ്രതിനിധിസഭയിലേക്കുള്ള തെരഞ്ഞെടുപ്പുകൾ എങ്ങനെ നടത്തണമെന്നു 8-ാമത്തെ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിപ്രകാരമാണ്:—

All elections in the Representative Body to be held on the principle of proportional representation by means of the single transferable vote shall be conducted in accordance with the regulations contained in the Schedule attached to these Rules.

ഈ വോട്ടിംഗ് സമ്പ്രദായംകൊണ്ടു സാധിക്കാൻ കഴിയുന്നതു് സാമാന്യമായി സഭയിലെ ന്യൂനപക്ഷപാർട്ടികൾക്കും അവരുടെ സംഖ്യക്കു് അനുപാതികമായ അംഗത്വം ലഭിക്കാൻ കഴിയും എന്നുള്ളതാണ്.

MR. K. P. NILAKANTA PILLAI *(Chirayinkil V—General)*: പ്രൊപ്പോർഷൻ അനുസരിച്ചു ന്യൂനപക്ഷങ്ങൾക്കു ലഭിക്കണമെന്നാണോ അതോ ലഭിക്കരുതെന്നാണോ?

MR. V. O. MARKOS: അവരുടെ സംഖ്യക്കു അനുപാതികമായിട്ടുള്ളതു് ഇതുകൊണ്ടു ലഭിക്കുന്നതാണ്. ആ തത്വമനുസരിച്ചുള്ള തെരഞ്ഞെടുപ്പിനുവേണ്ട വിശദനിബന്ധനകൾ ചട്ടങ്ങൾക്കു അനുബന്ധമായി ചേർത്തിട്ടുണ്ടു; മെമ്പറന്മാർക്കു അറിയാവുന്നതുമാണ്. അതുകൊണ്ടു് അതിനെപ്പറ്റി ദീർഘമായി വിസ്തരിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ വിധമുള്ള തെരഞ്ഞെടുപ്പുകൊണ്ടു സാധിക്കാൻ കഴിയുന്നതു് ഭൂരിപക്ഷപാർട്ടികൾക്കു് അവരവരുടെ സംഖ്യയുടെ തോതനുസരിച്ചു് അംഗത്വം ലഭിക്കുന്നതിനും ന്യൂനപക്ഷങ്ങൾക്കു് അവരുടെ സംഖ്യാബലമനുസരിച്ചു അംഗത്വം ലഭിക്കുന്നതിനുമുള്ള സൌകര്യമുണ്ടാകും എന്നുള്ളതാണു്. ബ്ലാക്കു വോട്ടു സമ്പ്രദായമോ കുമിലേറ്റീവു് വോട്ടു സമ്പ്രദായമോ ആയാൽ ന്യൂനപക്ഷങ്ങൾക്കു വേണ്ടത്ര പ്രാതിനിധ്യം ലഭിക്കുകയില്ല എന്നുള്ള ന്യൂനതകൊണ്ടുതന്നെയായിരിക്കണം ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിലും ഈ മാതിരി വ്യവസ്ഥചെയ്തിട്ടുള്ളതു് എന്നാണു എനിക്കു തോന്നുന്നതു്.

ഇനി എനിക്കു പറയുവാനുള്ളതു് ഈ അദ്ധ്യായത്തിലെ 9-ം 10-ം വകുപ്പുകളെപ്പറ്റിയാണ്. പ്രതിനിധിസഭയിലെ നടപടി സംബന്ധിച്ചു ഏതെങ്കിലും പ്രതിബന്ധങ്ങൾ നേരിട്ടാൽ അവയെപ്പറ്റി തീരുമാനം ചെയ്യുന്നതിനും ഈ ചട്ടങ്ങളുടെ വ്യാഖ്യാനത്തെപ്പറ്റി എന്തെങ്കിലും തർക്കങ്ങളുണ്ടായാൽ അവയെപ്പറ്റി തീരുമാനം ചെയ്യുന്നതിനും ഉള്ള അധികാരം ഈ വകുപ്പുകൾപ്രകാരം പ്രസിഡൻറിനു കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr- V. O. Markos-]

അവസാനമായി പ്രധാനപ്പെട്ട ഒരു സംഗതി എനിക്ക് പറയുവാനുള്ളത് ദേവസ്വം വകുപ്പിനെ സംബന്ധിച്ചാണ്. ഈ വകുപ്പിൽ പുതിയ ചട്ടങ്ങൾ ക്രോഡീകരിക്കുന്നതിനും ഭേദഗതികൾ വരുത്തുന്നതിനും എന്തെങ്കിലും ചട്ടങ്ങൾ എടുത്തുകളയുന്നതിനും ഉള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇപ്രകാരം എന്തെങ്കിലും ഭേദപ്പെടുത്തുന്നതിന് ഈ ഹൌസിന്റെ എപ്പോഴും കഴിയുന്നതാണ്. മറ്റു പല സ്ഥാപനങ്ങളിലുള്ളതുപോലെ അതിലേക്ക് കർശനമായ ചട്ടങ്ങൾ വച്ചിട്ടില്ല. സ്റ്റാൻഡിംഗ്കമ്മിറ്റിയോടു മുൻകൂട്ടി റഫർ ചെയ്തിരിക്കണമെന്നു മാത്രമേ ഉള്ളൂ.

സർ, ഈ ചട്ടങ്ങൾ വളരെ വേഗത്തിൽ പാസാക്കേണ്ടതു ഈ സഭയുടെ മാവികാര്യനിർവഹണത്തിന് ഏറ്റവും അത്യന്താപേക്ഷിതമാണ്. പല അമൻറുമെൻറുകളും ഈ സഭയിൽ കൊണ്ടുവരുന്നതിനു നോട്ടീസു കൊടുത്തിട്ടുള്ളതായി കണ്ടു. സമയലാഭത്തിനു അവയിൽ വളരെ പ്രാധാന്യമുള്ള അമൻറുമെൻറുകൾ മാത്രം ഇവിടെ അവതരിപ്പിച്ചാൽ മതിയെന്നാണു ബഹുമാനപ്പെട്ട മെംബറന്മാരോടു എന്റെ അപേക്ഷ.

ഈ നക്കൽചട്ടങ്ങളെ സംബന്ധിച്ചു ഇതിൽ കൂടുതൽ വിശദീകരണം ഒന്നും അവശ്യമില്ലെന്നു ഞാൻ വിശ്വസിക്കുന്നു. റിപ്പോർട്ടും ചട്ടങ്ങളും സഭ സ്വീകരിച്ചു പാസാക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ വിരമിക്കുന്നു.

MR. PRESIDENT : ഇനി ഈ രണ്ടുകാര്യം ഒരോന്നായി വായിച്ചു ചർച്ച ചെയ്യേണ്ടതാണ്. ഇൻഡ്യൻ കാൻസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിൽ ഇതു രഹസ്യമായിട്ടാണു നടന്നതു്. ഇവിടെ ഈ രണ്ടുകാര്യം വായിച്ചു ചർച്ച ചെയ്യേണ്ടതു പരസ്യമായിട്ടുവേണമോ എന്നുള്ളതിനെ സംബന്ധിച്ചു നിങ്ങളുടെ അഭിപ്രായംകൂടി അറിഞ്ഞാൽകൊള്ളാം. നാം രഹസ്യമായി നടത്തിയാൽ ഇവിടെ വിസിറേറഴ്സും, പ്രസ്സുകാരും മറ്റുമുണ്ടു് അവരെ ഇവിടെനിന്നു പുറത്തയക്കേണ്ടിവരും.

MR. K. A. MATHEW (*Thiruvalla IV—General*) : ഈ ചർച്ച നടത്തുന്നതു പരസ്യമായിട്ടായിരുന്നാൽകൊള്ളാമെന്നാണു് എന്റെ അഭിപ്രായം. അല്ലെങ്കിൽ ഇവിടത്തെ സംഗതികളെപ്പറ്റി അന്ധധികൃതമായ റിപ്പോർട്ടുകൾ പേപ്പറിൽ ഉണ്ടാകുന്നതിനിടയാകും. അതുകൊണ്ടു് ഇവിടത്തെ ചർച്ചകൾ പരസ്യമായിട്ടുവേണം നടത്താൻ.

LIBRARY ARCHIVES Kerala Legislative Assembly

MR. G. RAMACHANDRAN: Sir, I agree with the honourable member who has just now said that we do not require a secret session of the House. I think if there is a larger publicity to our discussions, the more we shall be restrained and the more we shall be doing justice to the business in hand.

MR. P. THANU LINGOM NADAR (*Agasteeswaram Reserved Hindu-Nadar*): தலைவர் அவர்களே! இந்தச் சட்டசம்மந்தமான நடவடிக்கைகளை பகிரங்கமாக நடத்த வேண்டுமென்பது எங்கள் அபிப்பிராயம். இச் சட்டத்திற்கு இரண்டுவகை முக்கியத்திருத்தங்கள் கொண்டுவரப்பட்டிருக்கின்றன. சிறுபான்மையருக்கு இடம் கொடுக்கவேண்டுமா அல்லது வேண்டாமா என்ற அடிப்படை அம்சங்களைப்பற்றி இங்கு சர்ச்சை செய்ய வேண்டியதாயிருப்பதினால் அதை பகிரங்கமாய் நடத்த வேண்டுவதென்றுச் சொல்லிக் கொள்கிறேன்.

MR. PRESIDENT: ഭേദഗതി വായിച്ചു ചർച്ചചെയ്യേണ്ടതു രഹസ്യമായിട്ടു വേണമോ, പരസ്യമായിട്ടു വേണമോ എന്നാണു നിശ്ചയിക്കേണ്ടതു.

MR. MANNATHU PADMANABHA PILLAI: ഈ ഭേദഗതികളെക്കുറിച്ചുള്ള ചർച്ച പരസ്യമായിട്ടു നടത്തണമെന്നാണു എന്റെ അഭിപ്രായം.

MR. R. SANKAR: ഈ ഭേദഗതികളെക്കുറിച്ചുള്ള ചർച്ചകൾ പരസ്യമായിട്ടു നടത്തണമെന്നാണു എന്റെയും അഭിപ്രായം. അതുകൊണ്ടു ഈ സഭയിലെ എല്ലാ അഭിപ്രായങ്ങളും ഐകകണ്ഠ്യേന അംഗീകരിച്ചു പരസ്യമായി നടത്തണമെന്നാണു് ഞാൻ പറയുന്നതു്.

MR. K. A. MUHAMMAD: രഹസ്യമായി നടത്താനുള്ള യാതൊരു കാര്യങ്ങളും ഇതിലില്ല. അതുകൊണ്ടു പരസ്യമായിത്തന്നെ നടത്തണം

MR. P. S. MUHAMMAD (*Muvattupuzha I—Muslim Reserved*): ഈ ഭേദഗതികളെക്കുറിച്ചുള്ള ചർച്ചകൾ രഹസ്യമായിട്ടു വേണമെന്നു ഇതുവരെ ആരും തന്നെ അഭിപ്രായപ്പെട്ടിട്ടില്ല. അതുകൊണ്ടു പരസ്യമായിത്തന്നെ നടത്തണമെന്നാണു് എന്റെയും അഭിപ്രായം.

MR. PRESIDENT: ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവന്റ അസംബ്ലിയിൽ രഹസ്യമായി ആണു് ചർച്ച നടത്തിയതു്. ഇവിടെ പരസ്യമായി നടത്തണമെന്നുള്ള അഭിപ്രായമാണു കൂടുതൽ കാണുന്നതു്. അതുകൊണ്ടു ഇതേപ്പറ്റിയുള്ള ചർച്ചകൾ പരസ്യമായിത്തന്നെ നടത്തണമെന്നു തീരുമാനിക്കുന്നു. അതു നടത്തുന്നതിനു മുൻപായി ഭേദഗതികൾ ഇംഗ്ലീഷിൽ അദ്ധ്യം വായിച്ചതിനുശേഷം മി. മാക്കോസുതന്നെ മലയാളത്തിലും വായിക്കും. തമിഴിൽ വായിക്കണമെന്നുണ്ടെങ്കിൽ തമിഴ് അറിയാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. President.]

മെംബർമാർ ആരെങ്കിലും വായിക്കണം. അതുകൊണ്ടു തമിഴ് അറിയാവുന്ന ഒരു ബഹുമാനപ്പെട്ട മെമ്പർ അതിലേക്കു തയാറായിരിക്കുകയും വേണം.

MR. ABDUL AZIZ *(Trivandrum II—Muslim Reserved:)*: മലയാളം തർജ്ജിമകൂടി എല്ലാവക്കും കൊടുത്താൽകൊള്ളാം.

MR. PRESIDENT: മലയാളം കാപ്പി എല്ലാവക്കും അയച്ചിട്ടുണ്ടെന്നാണ് സെക്രട്ടറി പറയുന്നത്. അയച്ചിട്ടില്ലെങ്കിൽ മലയാളം കാപ്പി ഇപ്പോൾതന്നെ തരുന്നതിനു വേണ്ട ഏർപ്പാട് ചെയ്യുന്നതാണ്.

MR. V. O. MARKOS: (Reading Rule No. 1)

CHAPTER I.

Preliminary.

1. These Rules may be called the Representative Body Rules. They shall come into force at once.

Short title and date of commencement.

അദ്ധ്യായം ൧.

പ്രാരംഭം.

൧. ഈ ചട്ടങ്ങൾക്കു പ്രതിനിധിസമിതിചട്ടങ്ങൾ എന്നു പേരു പറയാവുന്നതാണു. ഇവ ഉടൻ നടപ്പിൽ വരുന്നതാണു.

ചുരുക്കപ്പേരും ആരംഭിക്കുന്ന തീയതിയും

1-வது அத்தியாயம்.

பூர்வபீடிகை.

1. இந்த விதிகளை பிரதிநிதிசபை அனுமதி உடன்தானே விதிகளென்று சொல்லலாம். அழலுக்கு வரவேண்டும்.

சுருக்கமான பெயரும் வழங்கத்தொடங்கும் தேதியும்.

MR. PRESIDENT: ഒന്നാമത്തെ റൂളിന്മേൽ ഭേദഗതി ഒന്നും അവതരിപ്പിച്ചിട്ടില്ലാത്തതുകൊണ്ടു അതു പാസായതായി വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. V. O. MARKOS:

2. In these Rules, unless the context otherwise requires—

Definitions.

(*a*) "Chairman" means the person who for the time being presides over the Representative Body or any of its Committees:

(*b*) "Member" means a member of the Representative Body;

(*c*) "President" means the person elected as the President by the Representative Body at its first session in pursuance of Government Notification dated the 18th March 1948, and his successors in office;

Hon. MR. A. THANU PILLAI: It should be realised that the statutory strength may not be the real strength at a particular time of voting.

MR. R. V. THOMAS: By statutory strength I mean the present strength of 120 of the Representative Body.

Hon. MR. A. THANU PILLAI: But actually it may vary. At times vacancies may arise.

MR. R. V. THOMAS: If my amendment is accepted there should be at least 61 members voting against the President whether the total strength be 118 or 117. What I want is out of the original 120 members a majority of 61 should vote for the removal of the President.

MR. K. P. NILAKANTA PILLAI: Does the honourable member mean the majority of the members on the register?

MR. R. V. THOMAS: I mean the majority of the statutory strength of the House. It is provided in the statute that this House shall have 120 members. But as the Leader of the House pointed out, at the particular time of voting the strength of the members on the register may be 115 or 112. Even if it is so, my amendment is that there should be at least 61 members voting for the no-confidence motion if the President should vacate office.

The motion was not seconded and hence lost.

MR. K. M. KORAH: പ്രസിഡൻറിന്റെ അനുമതിയോടുകൂടി താഴെ പറയുന്ന ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു. മൂന്നിൽ രണ്ടു് എന്നുള്ള പദം എടുത്തു കളയണം.

"If the Representative Body passes a motion of no confidence against him by a two-third majority of the members on the register at the time of the no-confidence motion" എന്നതിലെ

ടു തേഡ്സ് ആഫ് മെജാരിറ്റി ആവശ്യമില്ല. ആകെ രജിസ്റ്ററിലുള്ള അംഗങ്ങളിൽ ഭൂരിപക്ഷംപേർ അവിശ്വാസപ്രമേയത്തെ അനുകൂലിക്കുകയാണെങ്കിൽ പ്രസിഡൻറിനെ നീക്കം ചെയ്യാവുന്നതാണ്.

അവിശ്വാസപ്രമേയം സഭയിൽ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ഹാജർ—പേരും രജിസ്റ്ററിൽ ഉണ്ടായി എന്നു വരുകയില്ല. വേക്കൻസി മൂലമോ മറ്റു കാരണങ്ങളാലോ ചില മെമ്പേഴ്സ് ഇല്ലെന്നു വന്നേയ്ക്കാം. അതുകൊണ്ടു രജിസ്റ്ററിലുള്ള മെമ്പറന്മാരുടെ ഭൂരിപക്ഷാനുകൂല്യമുണ്ടായാൽ അവിശ്വാസപ്രമേയം പാസ്സാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

The amended form of the sub rule will read like this :—

"If the Representative Body passes a motion of no confidence against him by a majority of the members on the register at the time of the no confidence motion".

MR. K. P. NILAKANTA PILLAI: Sir, on a point of order. Many amendments were moved and considered here. But none of these amendments have been seconded. Before these amendments are taken up for consideration they ought to have been seconded.

MR. PRESIDENT: ഭേദഗതികൾ വോട്ടിനിടുമ്പോൾ അക്കാര്യം തീരുമാനിക്കുന്നതാണ്.

As Mr. Korah's amendment was not seconded it was rejected.

MR. K. A. MUHAMMED: ഞാൻ മി. മാളിയേക്കലിന്റെ ഭേദഗതിയെ പിൻതാങ്ങുകയാണ് ചെയ്യുന്നത്. ഈ സഭയുടെ നടപടികൾ എങ്ങനെയായിരിക്കണം എന്നുള്ളതിനെക്കുറിച്ചു റിപ്പോർട്ടു ചെയ്യുന്നതിനായുള്ള കമ്മറ്റി അവരുടെ റിപ്പോർട്ടിന് സഹായകമായി സ്വീകരിച്ചത് ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിയുടെ നിയമാവലിയെയാണ്. ആ നിയമാവലിയിൽ ഒരു പ്രസിഡൻറിനെ നീക്കം ചെയ്യുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടില്ല എന്നുള്ളത് ശ്രദ്ധേയമാണ്. ഒരു പ്രസിഡൻറിനെ അവിശ്വാസപ്രമേയംമൂലം നീക്കം ചെയ്യുന്നതിനുള്ള വ്യവസ്ഥ എന്തുകൊണ്ടാണ് ആ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളി ചെയ്യാതിരിക്കുന്നത് എന്നാലോചിക്കുമ്പോൾ മി. മാളിയേക്കലിന്റെ ഭേദഗതി എത്ര അർത്ഥവത്താണെന്ന് ഈ സഭക്ക് മനസ്സിലാക്കുവാൻ സാധിക്കും. മി. മാളിയേക്കൽ പറയുന്നതുപോലെ ഈ സഭയിലുള്ള എല്ലാ അംഗങ്ങളുടേയും വിശ്വാസത്തിന് പാത്രീഭൂതനാണെന്നുള്ള വിശ്വാസത്തിലാണ് പ്രസിഡൻറിനെ തിരഞ്ഞെടുത്തിരിക്കുന്നത്. ട്വ തേഡ്സ് എന്നല്ല ഒൻ തേഡ് വിഭാഗം അംഗങ്ങൾക്കുതന്നെ അവിശ്വാസ്യനായി തീരുകയെന്നുള്ളത് ഒരു പ്രസിഡൻറിന് യോഗ്യതയാകയില്ല. അങ്ങനെയുള്ള ഘട്ടങ്ങളിൽ പ്രസിഡൻറ് സ്വമേധയാതന്നെ സ്ഥാനം ഒഴിഞ്ഞുമാറുകയാണ് വേണ്ടത്. ഈ ധാരണയിന്മേലാണ് ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളി ഇതേപ്പറ്റി ഒരു വ്യവസ്ഥ ചെയ്യാതിരിക്കുന്നതെന്നെനിക്കു തോന്നുന്നു. അതുകൊണ്ടു നമുക്കും അതിനെ വ്യത്യസ്തമായ നിലയിൽ അവിശ്വാസപ്രമേയം കൊണ്ടുവരേണ്ട ആവശ്യമില്ല. അങ്ങനെ ഒരു വ്യവസ്ഥ ചെയ്യാതിരുന്നാൽ തീർച്ചയായും പ്രത്യേക പരിതസ്ഥിതികളിൽ പ്രസിഡൻറിനെ ഈ സ്ഥാനത്തുനിന്നും മാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. അതുകൊണ്ട് മി. മാളിയേക്കലിന്റെ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

"If the Representative Body passes a motion of no-confidence against him by a two-thirds majority of the members present and voting."

എന്നുള്ള പാസേജ് എടുത്തുകളയണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

MR. T. K. NARAYANA PILLAI : ശ്രീമാൻ കോര അവതരിപ്പിച്ച ഭേഗതിയെ പിൻതാങ്ങിക്കൊള്ളുന്നു.

MR. R. V. THOMAS: Sir, I am one of those who support the amendment of Mr. Maliekal. I suggest that his amendment is put for vote before any other considerations are carried on in the House.

MR. P. S. MUHAMAD: ഞാൻ ഈ ഭേഗതികളെ എല്ലാം എതിർക്കുകയാണു ചെയ്യുന്നതു്. പ്രസിഡൻറിനെ നീക്കുന്നതിനുള്ള വ്യവസ്ഥ തന്നെ റിപ്പോർട്ടിൽ ഇല്ലാതിരുന്നെങ്കിൽ ഞാൻ വളരെ സന്തോഷിക്കുമായിരുന്നു ഈ നിശ്ചയംകൊണ്ടു കുറെ ആളുകൾക്കു അസുഖംതോന്നി എന്നു വരികിൽതന്നെ പ്രസിഡൻറു് മാറിക്കൊള്ളണം. പ്രസിഡൻറായി തിരഞ്ഞെടുക്കുന്നതു് എല്ലാവർക്കും വിശ്വാസമുള്ള ഒരാളിനെയാണു്. ചിലപ്പോൾ ഭൂരിപക്ഷ കക്ഷികളുടേയും വിശ്വാസമുള്ള ഒരാൾതന്നെ വന്നു എന്നു വരാം. അങ്ങനെയുള്ള ഭൂരിപക്ഷ കക്ഷിയിൽ നിന്നു വരുന്ന ആൾ കക്ഷിരഹിതനായിരിക്കണം. അവിശ്വാസം തോന്നത്തക്ക ഒരു പരിതസ്ഥിതി സൃഷ്ടിക്കാതെതന്നെ പ്രസിഡൻറു് ഈ സഭയെ നിയന്ത്രിച്ചുകൊണ്ടു പോകേണ്ട ഒരു കായ്മാണു് ഇതു്. അതിനുള്ള രംഗമാണു് നാം സൃഷ്ടിക്കേണ്ടതു. ഏതെങ്കിലും തരത്തിൽ അവിശ്വാസം വരത്തക്ക ഒരു നല്ല പ്രസിഡൻറിനെ സംബന്ധിച്ചിടത്തോളം വരുത്തിവയ്ക്കുന്നതു് ശരിയല്ല. അതുകൊണ്ടു ഒരു നല്ല മെജാരിറ്റി ഇല്ലാ എന്നു കാണുന്നു എങ്കിൽ അതിനെ മാറ്റാനുള്ള രംഗം ഉണ്ടാക്കേണ്ടതു അത്യാവശ്യമാണു്. അതുകൊണ്ടു കമ്മിറ്റി ഇവിടെ കൊണ്ടുവന്ന വ്യവസ്ഥ തന്നെ സ്വീകരിക്കേണ്ടതാണു്.

MR. M. VARKEY: (*Kunnathnad* II-*General*) : ഈ നിയമം വ്യവസ്ഥയിൽ വരുന്നപക്ഷം ഭൂ—പേർക്കു എതിരായി വരുന്ന ർൻ—പേരുടെ അഭിപ്രായമാണു് നടപ്പിൽ വരുന്നതു. അങ്ങിനെ ഭൂരിപക്ഷത്തിൻറെ അഭിപ്രായത്തിൽ കേവലം ന്യൂനപക്ഷത്തിൻറെ അഭിപ്രായത്തിനു മാത്രം പ്രാതിനിധ്യം വരുന്ന ഈ നിയമത്തെ ഞാൻ എതിർക്കുന്നു. അതിൽ ട്ടു തേഡ്സ് എന്നുള്ളതു് മാത്രം മാറിയാൽ മതിയെന്നാണു എൻറെ അഭിപ്രായം. ആ നിലയിൽ ആരോ ഒരാൾ ഒരു ഭേഗതി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. നല്ലതുപോലെ കേൾക്കാൻ വയ്യാ

LIBRARY ARCHIVES Kerala Legislative Assembly

ത്തുകൊണ്ടു അതു് ആരാണെന്നു അറിഞ്ഞുകൂടാ. ട്ട തേഡ് സ് എടുത്തു കളയണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

MR. PRESIDENT: ഇതേ സംബന്ധിച്ചു മെമ്പറന്മാർക്കു് ആർക്കും തന്നെ അഭിപ്രായം പറയാൻ ഇല്ലെന്നു വിചാരിക്കുന്നു. ആദ്യമായി മി. ജോസഫ് മാളിയേക്കലിന്റെ അമൻറുമെൻറ് വോട്ടിനു് ഇടുന്നതാണു്.

The amendment of Mr. Joseph Maliekal was put to vote and lost.

MR. PONNARA G. SREEDHAR:- I accept the amendment of Mr. T. K. Narayana Pillai

MR. G. P. NILAKANTA PILLAI: (*Karunagappally I-General*) ഒരു മെമ്പറിന്റെ സമയുടെ അനുവാദം ക്രൂടാതെ മറൊരു ഭേദഗതിയെ അനുകൂലിക്കാൻ അവകാശം ഉണ്ടോ?

MR. PRESIDENT: മെമ്പർ അതിലേക്കു സമയുടെ അനുവാദം ചോദിച്ചിരിക്കുകയാണു്.

MR. P. S, NADARAJA PILLAI:- Sir, on a point of information May I know whether Mr. Sreedhar has requested permission to withdraw his motion?

MR. PRESIDENT: തന്റെ ഭേദഗതിയെ പിൽവലിക്കുന്നതിനു കൂടി മെമ്പർ സമയുടെ അനുവാദം ചോദിച്ചിരിക്കുകയാണു്.

MR. G. P. NILAKANTA PILLAI: ഇങ്ങനെ ബഹുമാനപ്പെട്ട മെമ്പർ ഭേദഗതി പിൻവലിച്ചുകൊണ്ടു് ഈ സമയത്തുള്ള അധികാരത്തെ നിയന്ത്രിക്കുകയോ തടയുകയോ ചെയ്യാമോ? പിൻവലിക്കുന്നതിനു് സമയുടെ പെർമിഷൻ വേണം. ഭേദഗതി അവതരിപ്പിച്ചിട്ടു അതു് വോട്ടിനിടുന്ന സമയത്തു്. സമയുടെ അനുവാദം ചോദിക്കാതെ പിൻവലിക്കരുതു്.

MR. PRESIDENT: മി: പൊന്നറ ശ്രീധറുടെ ഭേദഗതി പിൻവലിക്കുന്നതിനു് ആർക്കെങ്കിലും എതിരഭിപ്രായമുണ്ടോ?

MR. G. P. NILAKANTA PILLAI: എനിക്കുണ്ടു്. അതിനു കാരണവുമുണ്ടു്. ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിച്ചു് നിൽക്കുകയായിരുന്നു. പ്രസിഡൻറിന്റെ പേരിൽ അവിശ്വാസം രേഖപ്പെടുത്തുകയാണെങ്കിൽ, പ്രസൻറായിരിക്കുന്ന മെമ്പറന്മാരിൽ പകുതി ഭാഗമോ

LIBRARY ARCHIVES Kerala Legislative Assembly

ന/ർ ഭാഗമോ വോട്ട് ചെയ്യുകിൽ അതനുസരിച്ച് പ്രസിഡൻറിനെ നീക്കം ചെയ്യാമോ എന്നാണ് എന്റെ സംശയം. പരമാത്മത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് പ്രസിഡൻറിന്റെ പേരിലുള്ള അവിശ്വാസപ്രമേയം. സാധാരണ നിലയിൽ ഇതുപോലെ പ്രാധാന്യം അർഹിക്കുന്ന സംഗതി വരുമ്പോൾ എല്ലാ മെമ്പറന്മാരും ഹാജരുണ്ടായിരിക്കും. രോഗംകൊണ്ടോ മറേറാ കിടപ്പിലല്ലെങ്കിൽ പിന്നെ എന്തിനു പ്രസൻറായിരിക്കുന്ന എന്നു ചേർക്കണം? മറേറവശത്തു കൂടിയാണെങ്കിൽ, അതുകൊ ഇരുപതോ മുപ്പതോ മെമ്പറന്മാർ ഹാജരുണ്ടായിരുന്നാൽ അവരുടെ ഫ/ന മെജാറിറി വച്ചുകൊണ്ട് പ്രസിഡൻറിനെ നീക്കം ചെയ്യാമോ? ഇതെല്ലാം വച്ചുകൊണ്ട്, ഞാൻ മി. ശ്രീധറുടെ അഭിപ്രായത്തോടുകൂടി യോജിച്ചു നിൽക്കുകയായിരുന്നു. ഉടൻ തന്നെ നെടുമങ്ങാട്ടു മെമ്പറായ മി. ശ്രീധർ വന്ന്, സഭയുടെ അനുവാദം ചോദിക്കാതെ.....

MR. PRESIDENT : മി. ശ്രീധറിന്റെ അമൻറുമെൻറ് പിൻവലിക്കുന്നതിനു അനുകൂലിക്കുന്നവർ കൈ പൊക്കണം.

MR. A. THANU PILLAI : ഏതെല്ലാം അമൻറുമെൻറാണ് വോട്ടിനിടുന്നതെന്ന് അറിയുന്നതു നന്നായിരിക്കും.

MR. PRESIDENT : ഒന്ന് മി. കെ. എം. കോരയുടെ രണ്ടാമത്തേതു മി. കെ. ആർ. ഇലങ്കത്തിന്റെ "ഇരുപതുപേരെങ്കിലും അതുമേ അതിനെ അനുകൂലിച്ചെങ്കിൽ" എന്നുള്ളതു്.

The motion of Mr. Sreedhar by leave of the House was withdrawn.

MR. K. S. JOSEPH : മി. ഇലങ്കത്തിന്റെ അമൻറുമെൻറിനെപ്പറ്റി പുനരാലോചിക്കണമെന്ന് അപേക്ഷിക്കുന്നു.

MR. PRESIDENT : മി. ഇലങ്കത്തിന്റെ അമൻറുമെൻറാണ് വോട്ടിനിടാൻ ഉദ്ദേശിക്കുന്നതു്.

"If a motion of no-confidence is brought with the consent of at least 20 members of the Representative Body and passed by a majority of members present and voting."

അതായതു അതുമേ ൨൦ പേരെങ്കിലും അനുകൂലിക്കുകയും ഒരു മെജോറിട്ടി വോട്ടു ചെയ്യുകയും ചെയ്യണമെന്നുള്ളതാണ് മി. ഇലങ്കത്തിന്റെ അമൻറുമെൻറു.

മി. ഇലങ്കത്തിന്റെ അമൻറുമെൻറിനെ അനുകൂലിക്കുന്നവർ കൈപൊക്കണം.

Mr. Elankath's amendment was put to vote and lost.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : അടുത്തത് മി. കെ. എം. കോരയുടെ അമൻറ്മെൻറാണ്. അത് അദ്ദേഹം തന്നെ ഒന്നു വായിക്കണം.

MR. K. M. KORAH :

"If the Representative Body passes a motion of no-confidence against him by a majority of the members on the register at the time of the motion."

MR. MANNATHU PADMANABHA PILLAI : പ്രമേയം വോട്ട് ചെയ്യണമല്ലോ, അതിന് കാര്യം അറിഞ്ഞാലല്ലേ ഒക്കുകയുള്ളൂ. ഒന്നു മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

MR. K. M. KORAH : രജിസ്റ്ററിലുള്ള മെംബറന്മാരുടെ സംഖ്യയിൽ ഭൂരിപക്ഷം അവിശ്വാസപ്രമേയത്തിന് അനുകൂലികളാണെങ്കിൽ പ്രസിഡൻറിനെ നീക്കം ചെയ്യാവുന്നതാണ്.

The amendment was put to vote and carried.

MR. N. V. CHACKO *(Kunnathnad III—General)* : ഞാൻ സബ് റൂൾ രണ്ടിന് ഒരു പ്രൊവൈസോ കൂടി ചേർക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് പ്രൊവൈസോ ഇതാണ്. To section 3 (2) (b) add " provided that no motion of no-confidence shall be moved by any member within six months if a motion of no-confidence moved in the Representative Body." അല്ലെങ്കിൽ എല്ലാ ദിവസവും അദ്ധ്യക്ഷൻറെ പേരിൽ അവിശ്വാസപ്രമേയം ഹാജരാക്കി എന്നു വരാം. കാലത്തും ഉച്ചയ്ക്കും അവിശ്വാസപ്രമേയം ഹാജരാക്കിയേക്കാം. കാലത്ത് ഒരു അവിശ്വാസപ്രമേയം ഹാജരാക്കി അതു പാസാക്കുകയോ പാസാക്കാതിരിക്കുകയോ ചെയ്യട്ടെ, ഉച്ചയ്ക്ക് മറ്റൊരവിശ്വാസപ്രമേയം ഹാജരാക്കുന്നതിനെ തടയുന്നതായി ഇപ്പോഴത്തെ നിയമത്തിൽ ഒന്നും തന്നെയില്ല. ഈ അനാശാസ്യതയെ തടയുന്നതിനുവേണ്ടിമാത്രമാണ് ഇപ്രകാരം ഒരു പ്രൊവൈസോ കൂടി ഉണ്ടായിരിക്കണമെന്നു ഞാൻ പറയുന്നത്.

ഏതെങ്കിലും ഒരു ദിവസം പ്രസിഡൻറിൻറെ പേരിൽ ഒരു അവിശ്വാസപ്രമേയം അവതരിപ്പിച്ചാൽ, ആ പ്രമേയം പാസായാലും ശരി, പാസായില്ലെങ്കിലും ശരി ആറുമാസക്കാലത്തേക്ക് പിന്നെ ഒരവിശ്വാസപ്രമേയം ഹാജരാക്കാൻ പാടില്ലെന്നാണ് ഈ പ്രൊവൈസോകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

MR. K. R. ELANKATH : പ്രസിഡൻറിൻറെപേരിൽ ഈ സഭയ്ക്കുള്ള വിശ്വാസം തുടർന്നുകൊണ്ടിരിക്കുന്നുവോ ഇല്ലയോ എന്ന് പരിശോധിക്കുവാനുള്ള കാലാവധി ആറു മാസം വേണം എന്നാണോ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്?

MR. N. V. CHACKO : എന്നല്ല. ആറുമാസം വേണമെന്ന് ഞാൻ സാമാന്യമായി പറഞ്ഞുവെന്നേയുള്ളൂ. മൂന്നുമാസം എന്നോ ഒരു കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

മെന്നോ നിശ്ചയിക്കുന്നതിലും വിരോധമില്ല. അങ്ങനെ ഒരു വ്യവസ്ഥ ചെയ്യാത്തപക്ഷം ഓരോ സെക്രട്ടറിയും പ്രസിഡന്റിന്റെപേരിൽ അവിശ്വാസപ്രമേയം ഹാജരാക്കി എന്നുവരാം.

MR. R. SANKAR : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ഭേദഗതിയെ ആരും അനുകൂലിച്ചില്ല, അതിനുമുമ്പ് ഈ ഭേദഗതിയെപ്പറ്റി ആർക്കെങ്കിലും അഭിപ്രായം പറയുവാൻ അവകാശമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ഈഭേദഗതിയെ ആരെങ്കിലും അനുകൂലിക്കുന്നുണ്ടോ? (ആരും അനുകൂലിച്ചില്ല)

The amendment was not seconded and hence lost.

MR. MANNATHU PADMANABHA PILLAI : സർ, ഈ വകുപ്പിനെ സംബന്ധിച്ച് ഞാൻ ഹാജരാക്കിയ ഭേദഗതി പിൻവലിക്കുന്നു.

MR. G. P. NILAKANTA PILLAI : ആ ഭേദഗതി ആരും ഹാജരാക്കിയിട്ടില്ല.

MR. PRESIDENT : മി. മന്നത്തുപത്മനാഭപിള്ള ഭേദഗതി ഹാജരാക്കുവാൻ നോട്ടീസു തന്നതേയുള്ളൂ അല്ലാതെ അതു് ഹാജരാക്കിയിട്ടില്ല.

MR. MANNATHU PADMANABHA PILLAI : എന്നാൽ ഞാൻ പിൻവലിക്കുന്നുമില്ല. (ചിരി)

MR. PRESIDENT . അടുത്തതു് ക്ലാസ്സ് 2 സബ് ക്ലാസ്സ് (2) ആണു്. ഈ ക്ലാസിനു് ആരും തന്നെ ഭേദഗതി അയച്ചിട്ടില്ല.

MR. KANNARA GOPALA PANICKER (*Thiruvalla II—General*) : സർ ഈ വകുപ്പിനു് ഞാനൊരു ഭേദഗതി അയച്ചിട്ടുണ്ടു്. ആ ഭേദഗതി ഇതാണു്.

In Rule 3, sub rule 3 delete the clause beginning with "upon being so read out.....", and insert "and it shall become effective after its acceptance by the Representative Body"

ഈ സഭ തെരഞ്ഞെടുത്തിരിക്കുന്ന പ്രസിഡന്റിനെ താൻ രാജിവച്ചിരിക്കുന്നു എന്നു് ഒരു ലറർ അയക്കുമ്പോഴേക്കും ഉടൻ തന്നെ അദ്ദേഹം രാജിയായി സ്വീകരിക്കാൻ പാടില്ല എന്നാണു് എന്റെ അഭിപ്രായം. ആ ലറർ എന്താണെന്നും അതിനുള്ള കാരണമെന്താണെന്നും സഭ അറിയണം. അതുമായി രാജി സഭ അംഗീകരിക്കണം. അതിനുശേഷം മാത്രമേ രാജി നടപ്പിൽ വരുവാൻ പാടുള്ളൂ. അതുകൊണ്ടു് ഞാൻ ഈ ഭേദഗതി ഹാജരാക്കുന്നു.

MR. V. O. MARKOS : Sir, I oppose the amendment because it amounts to a very impracticable way of doing things. There is the old saying that "there is no use riding an unwilling horse", and in

LIBRARY ARCHIVES Kerala Legislative Assembly

this case the resignation, as a matter of fact, takes effect, at least in substance, when the resignation has been signed and formally sent in. It will create a more or less difficult position, almost a deadlock, if the resignation is to take effect only after the House has considered and accepted the resignation. Therefore, for reasons of practical expediency particularly, I oppose the amendment and I hope that the rule, as it is, will be accepted.

The amendment was put to vote and lost.

MR. P. T. CHACKO: Sir, I am suggesting a verbal alteration. It is practically a verbal alteration. I move that the word "upon" in the last Clause be deleted and in its place the word "on" may be introduced.

MR. T. K. NARAYANA PILLAI: Even that verbal alteration is absolutely unnecessary. The word "upon" was also used in the Rules Committee of the Indian Constituent Assembly. I do not think it is gramatically wrong.

MR. P. T. CHACKO: I do not press for a division, because it is a verbal alteration after all.

MR. V. O. MARKOS : മൂന്നാമത്തെ വകുപ്പിൽ മലയാളം തർജിമയിൽ "സ്വന്തംകൈപ്പടയിൽ" എന്നെഴുതിയിരിക്കുന്നത് "Under his hand" എന്നുള്ളതിന്റെ അർത്ഥം മനസ്സിലാകാതെ തർജ്ജിമപ്പെടുത്തിയതുകൊണ്ടുവന്നതാണ്. അതു ശരിയായ രീതിയിൽ തർജ്ജിമചെയ്യേണ്ടതാണ്. 'Under his hand' എന്നു പറഞ്ഞാൽ 'ഒപ്പ്' എന്നാണർത്ഥം. സ്വന്തം കൈപ്പടവേണമെന്നു നിർബ്ബന്ധമില്ല. അതുകൊണ്ട് തർജ്ജിമ ചെയ്യുന്ന സമയത്തു് വേണ്ട നിർദ്ദേശം കൊടുക്കേണ്ടതാണ്.

MR. PRESIDENT : ഇപ്പോൾ മൂന്നാം വകുപ്പിനെ സംബന്ധിച്ചുള്ള ഭേദഗതികളെല്ലാം തീരുമാനിച്ചിരിക്കുന്നു. അതുകൊണ്ട് വരുത്തിയിട്ടുള്ള ഭേദഗതികളോടുകൂടി ആ വകുപ്പ് ഞാനിവിടെ വായിക്കാം.

CHAPTER II.

The President.

3. (1) The President of the Representative Body shall be elected by the Representative Body from among its members.

Election.

(2) The President shall cease to hold office as such

(a) if he ceases to be a member of the Representative Body;

Vacatson of office.

(b) if the Representative Body passes a motion of no confidence against him by a majority of the members on the Register, at the time of the no-confidence motion.

(3) The President may resign office by writing under his hand addressed to the Secretary for communication to the Representative Body. If the Representative Body is in session, the resignation shall be read out to the members by the Chairman; if

LIBRARY ARCHIVES Kerala Legislative Assembly

[President.]

the Representative Body is not in session, it shall be published by the Secretary in the Government Gazette; upon being so read out published, as the case may be, it shall become effective.

Clause 3 was put to vote and carried.

Clause 3 was included in the Rules.

MR. PRESIDENT : അടുത്തതു് ക്ലാസ് നാലു്, സബ് ക്ലാസ് ഒന്നാമതു്. ഇതിനെപ്പറ്റി ആരെങ്കിലും ഭേദഗതികൾ അയച്ചിട്ടുണ്ടെങ്കിൽ വായിക്കാം. ആരും ഭേദഗതികൾ അയച്ചിട്ടില്ല.

അടുത്തതു് ക്ലാസ് നാലു്, സബ്ബ് ക്ലാസ് രണ്ടാണു്. മി. ഇലങ്കത്തു് ഈ വകുപ്പിനു് ഒരു ഭേദഗതി അയച്ചിട്ടുണ്ടു്.

MR. K. R. ELANKATH : Sir, I move that In Rule 4, sub-rule (2), substitute "1 P. M.," for "noon", after the word " before" and before the word "on".

ഈ ഭേദഗതി അവതരിപ്പിക്കാനുള്ള കാരണം നമ്മുടെ ചട്ടങ്ങളും നിയമങ്ങളും വ്യക്തമായിരിക്കണമെന്നുള്ളതുകൊണ്ടാണു്. ഉച്ചയ്ക്കു മുള്ള ഏതെങ്കിലും സമയത്തു എന്നു പറഞ്ഞാൽ അതു ക്ലിപ്തമായ സമയമായിരിക്കുകയില്ല. സാധാരണയായി ഉച്ച എന്നാൽ ഫറ മണിയെന്നാണർത്ഥമാക്കുന്നതു. ഉച്ചക്കു മുൻപു് എന്നാൽ ഫറ മണിക്കകമെന്നോ സമ ഉച്ചയ്ക്കു പിരിയുന്നതിനു മുൻപെന്നോ അർത്ഥമാക്കാവുന്നതാണു്. ചിലപ്പോൾ ഒരു മണിക്കോ ഒന്നര മണിക്കോ അഥവാ രണ്ടിനോ സഭ പിരിഞ്ഞു എന്നു വരാം. ഫറ മണി എന്നു വ്യാഖ്യാനിക്കുന്നപക്ഷം തന്നെയും സഭ തുടങ്ങി ഒരു മണിക്കൂറിനകമായിരിക്കുന്നതിനെക്കാൾ ഒരു മണി എന്ന കൂടുതൽ വ്യക്തമായ സമയവ്യവസ്ഥകൊണ്ടു് ഒരു മണിക്കൂർ കൂടുതൽ സമയവും ആലോചനയ്ക്കും നാമനിർദ്ദേശം ചെയ്യുന്നതിനും നമുക്കു് ലഭ്യമാകുന്നു. അതുകൊണ്ടു് സമയം വ്യക്തമാക്കുന്നതോടുകൂടി കൂടുതൽ പ്രയോജനകരവുമായിരിക്കുമെന്നുള്ളതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. എന്റെ ബഹുമാന്യസ്നേഹിതൻ മി. മാക്കോസ്സിനു തന്നെയും അതിൽ എതിരഭിപ്രായം ഉണ്ടായിരിക്കുകയില്ലെന്നു് ഞാൻ വിചാരിക്കുന്നു.

MR. P. BALAKRISHNAN THAMPI : I support the amendment.

MR. K. P. NILAKANTA PILLAI : I also support the amendment. നാളെയോ മുമ്പിലത്തെ ദിവസമൊ എന്നു പറഞ്ഞിട്ടു മണിയുടെ ക്ലിപ്തസമയം പറയാതിരുന്നാൽ ഒക്കുകയില്ല. അതുകൊണ്ടു് ഒരു മണി എന്നാക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

The amendment was put to vote and carried.

Clause 4 sub-clauses 1. 2. 3, 4. 5, 6 and 7 were put to vote and carried.

Clauses 5 and 6 were put to vote and carried.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: I have given a notice for amending this rule. My amendment is to omit the words "in such manner as the President may prescribe". Another amendment I propose is that the election of the Deputy President shall be in accordance with the procedure laid down in rule 4 sub-rules (2) to (7) chapter II." These two amendments go together. For the election of the Deputy President the rules as framed here, varies from the rules we have accepted for the election of the President. For the election of the President we have accepted certain set of rules which have been now incorporated as rule 4. What I propose is, the rules that govern the election of the President may also be made applicable for the election of the Deputy President as well. That is the only purpose I have in view. Therefore, I have made the following changes. The Representative Body shall have a Deputy President who shall be elected from the Representative Body in accordance with the procedure laid down in rule 4, sub-rules 2, 3, 4, 5, 6 and 7, Chapter II. I suggest that we need not have two set of rules for electing the President and the Deputy President. The rules accepted for electing the President may also be accepted for the election of the Deputy President. Hence my amendment and I move it.

MR. G. NILAKANTAN: I support the amendment of Mr. Nataraja Pillai.

Hon. MR. A. THANU PILLAI: But, Sir, Clause 4 reads like this: "..... ..... the Deputy President shall fix a day for the holding of the election.....". So there must be a slight variation in his application. Normally the President should take the necessary steps. So it would be better to have instead "in accordance with the rules prescribed for the election of the President".

MR. P. S. NATARAJA PILLAI: My amendment is "in accordance with the procedure laid down in the Rule 4." But here also I found that difficulty. In rule 4, sub-rule 4 it is stated that "the Deputy President shall read out to the Reresentative Body etc."

MR. P. BALAKRISHNAN TAMPI: I think Sir, it is better to retain the clause as it is but to add at the end "in such manner as the President may prescribe in accordance with the rules."

MR. PRESIDENT: മി നടാജപിള്ളയുടെ ഭേദഗതി ചേർത്താൽ

".....If there is more than one such member the Representative Body shall proceed to elect the President by ballot in such manner as the President may prescribe and in accordance with the procedure laid down in Rule 4 sub-rule 2 to 7" എന്നാക്കാം.

MR. P. S. NATARAJA PILLAI: The difficulty may be avoided if in rule 4, sub-rule 4 instead of "the Deputy President" the word "President" is inserted for this purpose. I am not very competent to express an opinion. I have only said in accordance with the procedure laid down. In the application of the procedure the consequential changes have to be made. Whether there is that liberty of action, I do not know. So I am subject to correction.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT; മി. നടരാജപിള്ളയുടെ ഭേദഗതി ഒന്നുകൂടി വ്യക്തമായി വായിച്ചാൽ കൊള്ളാം.

MR. P. S. NATARAJA PILLAI: My amendment is to omit the words "in such manner as the President may prescribe" and to insert "in accordance with the procedure laid down in rule 4, sub-rule 4, 5, 6 and 7. This clause refers only to the procedure that has to be adopted and as such I think that there may not be any objection whatever in adopting this amendment. In the case of the Deputy President, the person who applies this rule will be the President himself. This amendment will not be in conflict with the provision contained in sub-rule (4) of Rule 4.

MR. PRESIDENT: Mr. Nataraja Pillai's amendment is this: "The Representative Body shall have a Deputy President who shall be elected by the Representative Body from among its members in accordance with the procedure laid down in Rule 4 sub-rules 4, 5, 6 and 7 the President discharging the function of the Deputy President under that Rule".

MR. A. NESAMONY: Sir, I would suggest that the wording of the amendment should be changed. The difficulty pointed out by some honourable members that sub-rule (4) of Rule 4 will not be applicable in the case of the election of the Deputy President can be avoided if Clause 5 (1) is also read along with it. That is why I suggested that instead of the words "in such manner as the President may prescribe" the words "in the same manner as the President is elected" may be incorporated. Moreover, it seems to be a little bit compressed in the wording of the rule.

MR. P. S. NATARAJA PILLAI: I accept the amendment as suggested by the leader of the House.

MR. PRESIDENT: The Rule as amended will read thus:—

"The Representative Body shall have a Deputy President who shall be elected by the Representative Body from among its members in accordance with the procedure laid down in Rule 4 the President discharging the function of the Deputy President under that Rule."

MR. V. O. MARKOS: The matter may be put to vote now.

The amendment was put to vote and passed. The rule as amended was passed.

MR. PRESIDENT: ഇനി വ-ാമത്തെ രൂപം ആണ്.

"8. The President shall fix the date and time for the nomination and election of the Deputy president".

ഈ രൂപിന് ഭേദഗതി ഒന്നും വന്നിട്ടുള്ളതായി കാണുന്നില്ല. അതുകൊണ്ട് ആരെങ്കിലും ഭേദഗതികൂടി അവതരിപ്പിക്കുണ്ടെങ്കിൽ അതു വായിച്ചാൽകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMACHANDRAN (*Pathanamthitta—Kammala Reserved*): സർ, ഞാൻ ഇതിനു ഭേദഗതി അയച്ചിട്ടില്ലെങ്കിലും ഈ വകുപ്പിനെപ്പറ്റി ഇവിടെ ഇപ്പോൾ ഒരു ഭേദഗതി ഫാജരാക്കണമെന്നു വിചാരിക്കുന്നു. അതായതു ഈ വ-ാമത്തെ വകുപ്പിൽ ഉൾക്കൊള്ളുന്ന സംഗതികൾ, ഇവിടെ പാസാക്കിക്കഴിഞ്ഞ ഏഴാമത്തെ വകുപ്പിൽ ഉൾപ്പെട്ടുന്നതിനാൽ, ഇനി ഈ എട്ടാമത്തെ വകുപ്പിന്റെ ആവശ്യമില്ലാ എന്നും അതു ഈ രൂളിൽനിന്നും പാടെ എടുത്തു കളയണമെന്നുമാണു.

MR. PRESIDENT: ഈ ഭേദഗതിയെ ആരെങ്കിലും പിൻതാങ്ങുന്നുണ്ടോ?

MR. P. BALAKRISHNAN TANPI : I second the amendment.

MR. V. O. MARKOS : There is no objection to the rule remaining as it is.

MR. ABDUL AZIZ : ഇവിടെ ഏഴാമത്തെ വകുപ്പ് ഭേദഗതിയോടുകൂടി പാസ്സായിരിക്കുന്ന സ്ഥിതിക്കും, എട്ടാമത്തെ വകുപ്പിലെ സംഗതികളെല്ലാം ആ ഏഴാമത്തെ വകുപ്പിൽ അഡ്ജാപറു ചെയ്തിട്ടുള്ളതുകൊണ്ടും, ഈ എട്ടാമത്തെ വകുപ്പ് ഡിലീറു ചെയ്യണമെന്നുള്ള ഭേദഗതിയോടു ഞാൻ യോജിക്കുന്നു. ഡെപ്യൂട്ടി പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നതിനുള്ള തീയതിയും സമയവും തീർച്ചപ്പെടുത്തുന്നതിനായിട്ടാണല്ലോ ഈ വകുപ്പു്. ഈ രൂൾസിൽതന്നെ നാലാമത്തെ വകുപ്പിൽ,

(1) When, owing to a vacancy in the office of the President of the Representative Body; the election of a President becomes necessary, the Deputy President shall fix a date for the holding of the election and the Secretary shall send to every member notice of the date so fixed.

എന്നു വ്യവസ്ഥയുള്ളതിനാലും, ഈ എട്ടാമത്തെ വകുപ്പിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. അതിനാൽ എട്ടാമത്തെ വകുപ്പ് ഡിലീറു ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

The motion that rule 8 should be deleted was put to vote and passed. Rule 8 was deleted.

MR. PONNARA G. SREEDHAR : പ്രസിഡൻറിന്റെ പേരിൽ അവിശ്വാസപ്രമേയം പാസ്സാക്കുന്നതിനെസംബന്ധിച്ചു ഞാൻ അയച്ചിരുന്ന ആ ഭേദഗതിയാണു ഇപ്പോഴും എനിക്കു ഇവിടെ അവതരിപ്പിക്കാനുള്ളതു്. അതായതു്, ഒൻപതാമത്തെ വകുപ്പിൽ ക്ലാസ്സ് (എ) സബ് ക്ലാസ്സ് (ബി)യിൽ "two-thirds' എന്നുള്ള പദങ്ങൾ എടുത്തു കളഞ്ഞിട്ടു "majority of members" എന്നു ചേർക്കണം.

MR. PRESIDENT : ഒൻപതാംവകുപ്പിനു ഇവിടെ അയച്ചിരിക്കുന്ന ഭേദഗതി മെമ്പർ ഇപ്പോൾ അവതരിപ്പിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. PONNARA G. SREDHAR : ഇല്ല; ആ ഭേഗതിയല്ലാ ഞാൻ ഇവിടെ കൊണ്ടുവരുന്നത്. മൂന്നാംവകുപ്പിനെ അയച്ചിട്ടുള്ളതാണ്.

MR. KANNARA GOPALA PANICKER: ഒരു വകുപ്പിനെ വേണ്ടി അയച്ചിട്ടുള്ള ഒരു ഭേഗതിയെത്തന്നെ വേറൊരു വകുപ്പിന്റെ ഭേഗതിയായി അവതരിപ്പിക്കാമോ?

MR. PRESIDENT : പ്രസിഡൻറിന്റെ പേരിൽ അവിശ്വാസ പ്രമേയം പാസാക്കുന്നതിനെ സംബന്ധിച്ച ഒരു ഭാഗം ഭേഗതിയോടുകൂടി ഇവിടെ പാസ്സായിട്ടുണ്ട്. അതേ പരിതസ്ഥിതിയിൽ ഡെപ്യൂട്ടി പ്രസിഡൻറിനെ ബാധിക്കുന്ന ഒരു ഭേഗതി അയയ്ക്കുകൊണ്ട് ഈ ഭേഗതി ഇപ്പോൾ അവതരിപ്പിക്കാൻ അനുവാദം കൊടുക്കുന്നു.

RULE 9 (1) (b)

MR K. P. NILAKANTA PILLAI: I move that this rule may be amended as follows:

"(b) If the Representative Body passes a motion of no-confidence against him by a majority of members on the register at the time of the no-confidence motion."

MR. P. S. NATARAJA PILLAI: I support the amendment on the ground that a similar procedure has been prescribed for a no confidence motion on the President. The same may also be made applicable to the Deputy President.

MR. V. O. MARKOS : If the House permits I accept the amendment.

The amendment was put and carried.

Sub-clause (2) of Rule 9 was then put and carried.

MR. P. S. NATARAJA PILLAI: I have given notice of the following amendment to sub-rule 3 of rule 9.

Omit the words "at such time and in such manner as the President may prescribe",

after the words "its members."

After all for the fixing of the time of the election and the manner in which the election has to be conducted, we have already settled the procedure. Here we have only to say that whenever there is a vacancy of the Deputy President, he shall be elected from among the members. Therefore no further fixing of time and manner is necessary now. I have moved for the deetion of those words.

MR. G. NILAKANTAN : I accept the amendment moved by Mr. Nataraja Pillai and I do not wish to move the amendments standing against my name.

MR. A. THANU PILLAI : I suggest that the rule may be amended as follows:

LIBRARY ARCHIVES Kerala Legislative Assembly

"(3) Any vacancy in the office of the Deputy President of the Representative Body shall be filled by election by the Representative Body in accordance with the provisions of rule 7."

MR. P. S. NATARAJA PILLAI: I accept the amendment.

The amendment was put and carried.

MR. PRESIDENT: Rule 10 reads "in the absence of the President the Deputy President shall preside over the Representative Body."

Clause 10 was put to vote and carried.

MR. PRESIDENT: Rule 11 reads "In the absence of the President and the Deputy President the Representative Body may choose any member to perform the duties of the Chairman.

ആ രീതിയ ആരെങ്കിലും അദ്ധ്യക്ഷനെ തെരഞ്ഞെടുക്കണമെന്നു പറയാം.

MR. P. S. NATARAJA PILLAI: Sir, I have a doubt about this rule.

The expression used in the Rule is 'choose'. In my opinion it should be 'elect'. That is a very serious matter.

MR. P. BALAKRISHNAN TAMPI: 'Choose' is an expression used for temporary affair and 'election' would mean a permanent measure. There is that difference and therefore this being a temporary affair, the expression 'choose' is used.

MR. P. S. NATARAJA PILLAI: I have a doubt about that expression. I would like to know from the spokesman of the Committee the provision elsewhere in this matter.

MR. M. GOVINDAN (*Trivandrum III—General*): Choosing means it should be done by a majority.

MR. A. P. UDAYABHANU: What is the word used in the Indian Consambly?

MR. P. BALAKRISHNAN TAMPI: What is the original expression used in the Constituent Body?

MR. PRESIDENT: The expression is that the Assembly may choose any member to perform the duties of the Chairman.

MR. P. S. NATARAJA PILLAI: That is provided under the rules. It is different from what we have here.

MR. V. O. MARKOS: What was intended was that one member will propose another member and a third member will second it. If there is any dispute or no nomination, votes may have to be taken and the person chosen will preside over the meeting.

Mr. G. RAMACHANDRAN: Then who will conduct the election?

MR. V. O. MARKOS: In such cases the announcement is made by the Secretary to the Representative Body and that is the usual procedure elsewhere.

MR. P. S. NATARAJA PILLAI: Then is there to be an election conducted by one who is not a member?

LIBRARY ARCHIVES Kerala Legislative Assembly

MR. V. O. MARKOS: In the House of Commons, it is done by the Clerk.

MR. P. S. NATARAJA PILLAI: In Indian Cousambly, what is the practice?

MR. PRESIDENT: The Indian Constituent Assembly has used the expression "choose".

MR. K. A. MUHOMED: പ്രസിഡൻറും ഡെപ്യൂട്ടി പ്രസിഡൻറും ഇല്ലാതിരിക്കുന്നതു് വളരെ അപൂർവ്വാവസരങ്ങളിൽ മാത്രമേയുള്ളൂ. അതു കൊണ്ടു് അങ്ങിനെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പൊതുവേ എല്ലാ വശങ്ങളേയും സമ്മതം അനുസരിച്ചു് തീർച്ച ചെയ്യൽ മതി.

MR. P. S. NATARAJA PILLAI: Sir, to avoid all such difficulties, I would suggest that the President may be given authority to nominate a panel of chairmen and a rule to that effect be drafted. I thought the expression 'choose' had a special significance. Now I find it otherwise. Had I known earlier, I would have put in an amendment. Since there is no clear notion about the word 'choose,' I would suggest an amendment now for which I seek the permission of the Chair.

MR. A. NESAMONY: If a panel of names is suggested, who will preside among them will be the question. Therefore the expression 'choose' is put in straightway.

MR. P. T. CHACKO: Is it the first one who takes the chair?

Hon. MR. A. THANU PILLAI: No. In the order of precedence mentioned, the panel of chairmen will preside.

MR. G. RAMACHANDRAN: Sir, I think there is much in what Mr. Nataraja Pillai has suggested as a difficulty because the word 'choose' is a very vague one and one can imagine an occasion when there will be a lot of confusion if some clear procedure is not laid down. As an alternative he has suggested that we should frame a rule by which the Chairman is given the right to have a panel. It is extremely a sound suggestion and the difficulty which my friend at the other end raised can be easily overcome. If the President himself nominates a panel in the order of precedence it is quite a simple matter. Therefore the point raised by Mr. Nataraja Pillai requires careful attention.

MR. PRESIDENT: Let it be moved as a formal amendment. Mr. Nataraja Pillai will please move it.

MR. P. S. NATARAJA PILLAI: The amendment is to this effect. "The President shall nominate a panel of Chairmen to preside in the order of precedence laid down by the President during the absence of the President and the Deputy President."

MR. M. GOVINDAN: In the absence of the panel what will be the procedure?

MR. G. RAMACHANDRAN: I second the amendment of Mr. Nataraja Pillai.

LIBRARY ARCHIVES Kerala Legislative Assembly

MR. P. BALAKRISHNAN TAMPI : I wish to oppose the amendment for very good reasons. It was omitted in the draft for this very good reason because the work which the Representative Body does, demands the presence of the Chairman always and his deputing the work to another should not be regularised. This contingency would arise only in exceptional occasions. If two or three of the members nominated by the President are absent, how is the business to be done? Now, I would suggest that if such occasions arise, this amendment would be of no avail and for another reason also, I would oppose this amendment. This hierarchy with precedence that might arise as a consequence of the President's nomination would be irksome to many of the self-respecting members who might serve on the panel. Therefore, it is better to adhere to the provision contained in the original of the present draft and retain the Clause as it is instead of going in for these casual amendments.

MR. V. O. MARKOSE : ഞാൻ ഭേദഗതിയെ എതിർക്കുന്നു. പാനൽ ആഫ് ചെയർമാനെ തെരഞ്ഞെടുത്താൽ അവർ ഹാജരാകാതിരിക്കുന്ന അവസരങ്ങളിൽ എന്തു ചെയ്യണമെന്ന് അമൻഡുമെൻറിൽ പറഞ്ഞിട്ടില്ല. അതിന് വ്യവസ്ഥയും ഇല്ല. മാത്രമല്ല പ്രസിഡൻറിന്റെയും ഡെപ്യൂട്ടി പ്രസിഡൻറിന്റെയും ആബ്സൻസിൽ ഹൗസിലുള്ള ഒരാളിനെ തെരഞ്ഞെടുക്കാമെന്ന വ്യക്തമായ വ്യവസ്ഥയുമുണ്ട്. അതിനാൽ ഇങ്ങനെ പാനൽ ആഫ് ചെയർമാനെ തെരഞ്ഞെടുക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം

MR. MANNATHU PADMANABHA PILLAI : ഭേദഗതിയെ എതിർക്കുന്നു. പ്രസിഡൻറും, ഡെപ്യൂട്ടി പ്രസിഡൻറും, ഇവർ ഹാജരാകാതിരിക്കുമ്പോൾ ഉള്ള കാര്യത്തെപ്പറ്റിയാണ് ആലോചിക്കുന്നത്. അങ്ങനെ ഒരു അസാധാരണ പരിതസ്ഥിതി സംജാതമാകുമ്പോൾ ഹൗസിൽനിന്ന് ഒരാളെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കുക സഭ്യസാധാരണമാണ്. അതിനാൽ ഭേദഗതിക്കുടാതെതന്നെ ഇതു പാസ്സാക്കാമെന്നാണ് എന്റെ അഭിപ്രായം.

MR. K. A. GANGADHARA MENON : സർ, ഭേദഗതിയെ ഞാനും എതിർക്കുന്നു. ഈ നിയമം ഇങ്ങനെതന്നെ ഇരിക്കുന്നതുകൊണ്ടു യാതൊരു ദോഷവും ഇല്ലെന്നാണ് എനിക്കു തോന്നുന്നത്. പ്രസിഡൻറിന്റേയും ഡെപ്യൂട്ടി പ്രസിഡൻറിന്റേയും അഭാവത്തിൽ റെപ്രസന്റേറ്റിവ് ബാഡിക്കുതന്നെ അതിന്റെ ചെയർമാനെ തെരഞ്ഞെടുക്കാമെന്നാണ് ഈ റൂളിൽ വിവരിച്ചിട്ടുള്ളത്. അതു സാധാരണ നിയമമനു

LIBRARY ARCHIVES Kerala Legislative Assembly

സരിച്ചു ചെയ്യാവുന്നതാണ്. അതിന് പ്രത്യേകം റൂളിന്റെ ആവശ്യമില്ല. ഈ റെപ്രസന്റേറ്റീവ് ബാഡിയിലുള്ള അംഗങ്ങൾക്കു യോജിച്ച് ഒരു ചെയർമാനെ ലഭിക്കാൻ നിവൃത്തിയില്ലാതെവരുന്ന പക്ഷം തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള സാധാരണ നിയമമനുസരിച്ച് ചെയർമാനെ തെരഞ്ഞെടുക്കാവുന്നതാണ്. അതിനാൽ ഈ റൂളിന് യാതൊരു ഭേദഗതിയും ആവശ്യമില്ല.

MR. V. O. MARKOSE: ഇതിനു യാതൊരു ഭേദഗതിയും ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നത്. ഒരു Logical Perfection ഏതൊരു നിയമത്തിനും ഉണ്ടാകാൻ പ്രയാസമാണ്. ഇതുപോലുള്ള സന്ദർഭങ്ങളിൽ ടെമ്പറി പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന പതിവ് സാധാരണ കണ്ടിട്ടുണ്ട്. അതുതന്നെയും പെർഫെക്റ്റായി ചെയ്യാൻ സാധിക്കുന്നതല്ല. അതിനു തന്നെ വളരെ വൈഷമ്യങ്ങളുണ്ടാകുന്നതാണ്. ഈ ബാഡിയെ സംബന്ധിച്ചാണെങ്കിൽ, അതുതന്നെ വൈഷമ്യങ്ങളും, ഇതുമാതിരിയുള്ള സന്ദർഭങ്ങളിൽ വരാനിടയില്ല. അതിനാൽ അമൻറുമെൻറ് ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ആവശ്യമില്ല. ഈ റൂൾ ഇങ്ങനെതന്നെ പാസ്സാക്കണമെന്നാണ് എനിക്കുള്ള അപേക്ഷ.

MR. PRESIDENT: മി. നടരാജപിള്ളയുടെ അമൻറുമെൻറ്, റൂൾ പതിനൊന്നിനുമുമ്പ് ഇതു ചേർക്കണമെന്നാണ്.

The President shall nominate a panel of chairmen to preside in the order of precedence laid down by the President during the absence of the President and the Deputy President.

ഈ ഭേദഗതിയെ അനുകൂലിക്കുന്നവർ കൈയ് പൊക്കണം.

The amendment was put to vote and lost. Rule 11 was added to the Rules

MR. PRESIDENT: എനിക്ക് ഒന്നു പറയുവാനുള്ളതു്, ഇനി മറ്റു റൂളുകളെ സംബന്ധിച്ച് ഭേദഗതി അയയ്ക്കണമെന്നുള്ളവർ ഇന്നു് രാത്രി എട്ടു മണിക്കുമുമ്പായി അവ സെക്രട്ടറിയെ ഏൽപ്പിക്കണമെന്നാണ്. അങ്ങനെ അയാൽ നാളെ രാവിലെ എങ്കിലും അതു് അച്ചടിച്ചു കിട്ടും. അല്ലെങ്കിൽ അതിനും ചില്ലറ കുഴപ്പങ്ങളൊക്കെ വന്നുവെന്നു വരാം. അതിനാൽ ബഹുമാനപ്പെട്ട മെമ്പറന്മാർ ഇന്നു രാത്രി എട്ടുമണിക്കുമുൻപ് അമൻഡുമെൻറ്സ്, സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്. ഇതിനും പുറമേ ഡെപ്യൂട്ടി പ്രസിഡൻറ് വേണമെന്നുള്ള റൂൾ പാസായിരിക്കുന്നു. അതിലേയ്ക്ക് നോമിനേഷൻ നാളെ മുന്നുമണിക്കു്. മുമ്പു നടത്തിയാൽ കൊള്ളാമെന്നാണ് എനിക്കു തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. S. NILAKANTA IYER : കുട്ടികളെല്ലാം പാസ്സായിക്കഴിഞ്ഞതിനുശേഷം ഇലക്ഷൻ നടത്തിയാൽ മതിയെന്നാണ് എന്റെ അഭിപ്രായം. ഇതു് സെഷനെത്തെ ഉദ്ദേശിച്ചാണു്.

MR. PRESIDENT : ഞാൻ Suggest ചെയ്തെന്നേയുള്ളൂ. എങ്ങനെ ആയാലും എനിക്കു വിരോധമില്ല.

MR. G. RAMACHANDRAN: ഞാനും മി. നീലകണ്ഠയ്യർ പറഞ്ഞതിനോടു യോജിക്കുന്നു. അതായിരിക്കും സെഷനു്.

MR. PRESIDENT: എന്നാൽ അങ്ങനെയാകട്ടെ. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ പതിനൊന്നുമണിക്കു് വീണ്ടും കൂടുന്നതും ആണു്.

The House rose at 5 P. M.

V. KRISHNAMURTHI AIYAR,
Secretary to the Representative Body.

LIBRARY ARCHIVES Kerala Legislative Assembly